20
ജൂലൈ
2019

# ജയോത്സവം ന്യൂസ്

www.jayolsavamnews.com
DATE OF PUBLISHING 20TH July 2019

തിരുവനന്തപുരം
വാർഷിക വരിസംഖ്യ
₹120
Reg.No. KERBIL/2010/ 31734



# ഐ.പി.സി. തിരുവനന്തപുരം മേഖലാ സംയുക്ത സമ്മേളനം നടന്നു

## തിരുവനന്തപുരം മേഖലയിലെ ശുശ്രൂഷകന്മാരുടെ ക്ഷേമത്തിനും സഭാ ഹോളുകളുടെയും പാഴ്സനേജുകളുടെയും നവീകരണത്തിന് വേണ്ടി പ്രവർത്തിക്കുമെന്ന് മേഖലാ സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ






തിരുവനന്തപുരം: ഐ.പി.സി. തിരുവനന്തപുരം മേഖലാ സംയുക്ത സമ്മേളനം ജൂലൈ 21 ഞായറാഴ്ച വൈകിട്ട് 4 മണി മുതൽ പേരൂർക്കട, ഐ.പി.സി. ഫെയ്ത്ത് സെന്ററിൽ വച്ച് നടന്നു. ഐ.പി.സി. കേരളാ സ്റ്റേറ്റ് ആക്ടിംഗ് സെക്രട്ടറിയും മേഖലാ സെക്രട്ടറിയമായ പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ അദ്ധ്യക്ഷത വഹിച്ചു. മേഖലാ പ്രസിഡന്റ് പാസ്റ്റർ കെ. സി. തോമസ് ഉദ്ഘാടനം നിർവ്വഹിച്ചു. ജനറൽ സെക്രട്ടറി റവ. ഡോ. കെ. സി. ജോൺ, ജനറൽ കൗൺസിൽ ചാരിറ്റി ബോർഡ് ചെയർമാൻ റവ. ഡോ. ജോൺ എസ്. മരത്തിനാൽ എന്നിവർ മുഖ്യ സന്ദേശം നൽകി. ഐ. പി.സി കേരളാ സ്റ്റേറ്റ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ രാജു പൂവക്കാല, തിരുവനന്തപുരം മേഖലയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗം ബ്രദർ റെജി കൊന്നനിൽക്കുന്നതിൽ സംഭാവനയായി നൽകിയ അംബുലൻസ് പ്രാർത്ഥിച്ച് സമർപ്പിച്ചു. കേരളാ സ്റ്റേറ്റ് എകിസ്ക്യൂട്ടിവിനെ ഫലകം നൽകി ആദരിച്ചു. സംസ്ഥാന സെക്രട്ടറി പാസ്റ്റർ ഷിബു നെടുവേലിൽ, വൈസ് പ്രസിഡന്റ് പാസ്റ്റർ സി. സി. ഏബ്രഹാം, ജോയിന്റ് സെക്രട്ടറി ബ്രദർ വാളകം കുഞ്ഞച്ചൻ വാളകം, ജെയിംസ് വർഗ്ഗീസ്സ് IAS എന്നിവർ വിവിധ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. മേഖലയിലെ സെന്റർ ശുശ്രൂഷകർ, സഭാ പ്രതിനിധികൾ വിശ്വാസികളടക്കം 500 ലധികം പേർ പങ്കെടുത്തു. 100 വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം, 50 സഭാ ഹാളുകൾക്ക് സീലിംഗ് ഫാൻ എസ്. എസ്. എൽ.സി., സി.ബി.എസ്.ഇ പരീക്ഷയ്ക്ക് എല്ലാ വിഷയത്തിനും A+, A1 നേടിയ വിദ്യാർത്ഥികൾക്ക് ഫലകവും ക്യാഷ് അവാർഡും നൽകി ആദരിച്ചു. വരുന്ന നാളുകളിൽ തിരുവനന്തപുരം മേഖലയിലെ ശുശ്രൂഷകന്മാരുടെ ക്ഷേമത്തി നും സഭാ ഹോളുകളുടെയും പാഴ്സനേജുകളുടെയും നവീകരണത്തിന് വേണ്ടി പ്രവർത്തിക്കുമെന്ന് മേഖലാ സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ അറിയിച്ചു. തിരുവനന്തപുരം മേഖലയിൽ നിന്ന് തിരെഞ്ഞെടുക്കപ്പെട്ട കൗൺസിൽ അംഗങ്ങളും പേരമ്പ്ര സെന്റർ പാ. എം. എം. മാത്യു, ബ്രദർ ഡേവിഡ് സാം എന്നിവർ പങ്കെടുത്തു.

# പെന്തെകോസ്ത് സമൂഹത്തിനു പുതിയ പ്രതീക്ഷ; സ്നേഹ.



സ്നേഹ എസ് സജി

ഇന്ത്യയിലെ പ്രഥമ സിവിൽ സർവീസ് മോഡൽ പരീക്ഷയായ റേസ് ടു ഐഎഎസ് ദേശീയതല രണ്ടാം റാങ്ക് കരസ്ഥമാക്കി പെന്തക്കോസ്ത് സമൂഹത്തിനു അഭിമാനമായിരിക്കുകയാണ് ഐപിസി വിലങ്ങറ അടൂർമുക്ക് രെഹബോത്ത് സഭാംഗം സ്നേഹ എസ് സജി എന്ന 10 ാം ക്ലാസ് വിദ്ധ്യാർഥിനി.

മുൻ ചീഫ് സെക്രട്ടറി ശ്രി. സി പി നായർ, മുൻ ഡിജിപി ഡോ. അലക്സാണ്ടർ ജേക്കബ്, മുൻ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീമതി. ലിഡ ജേക്കബ് എന്നിവർ ചേർന്ന് അവാർഡും ക്യാഷ് ചെക്കും സമ്മാനിച്ചു. ഇതോടുകൂടെ പ്രഗത്ഭരായ റിട്ട. സിവിൽ സർവീസ് ഉദ്യോഗസ്ഥരുടെയും പരിശീലകരുടെയും മാർഗ്ഗോപദേശത്തിൽ സൗജന്യ സിവിൽ സർവീസ് പരിശീലനത്തിനുള്ള അവസരവും നേടിയിരിക്കുകയാണ് സ്നേഹ. സാധാരണ സിവിൽ സർവീസ് പരീക്ഷ പോലെ തന്നെ പ്രിലിംസ്, മെയിൻസ്, പേഴ്സനാലിറ്റി ടെസ്റ്റ് ഇൻറെർവ്യൂ എന്നിങ്ങനെമൂന്ന് ഘട്ടങ്ങളിലായി നടന്ന പരീക്ഷയിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നായി 6500 വിദ്ധ്യാർഥികൾ പങ്കെടുത്തിരുന്നു. സണ്ടേസ്കൂൾ പി.വൈ.പി.എ തലങ്ങളിൽ നിറസാനിദ്ധ്യമായ സ്നേഹ ആത്മീയമായി മുൻപന്തിയിൽ തന്നെ നിൽക്കുന്നുവെന്നു സഭാ

പേജ് 7 ൽ തുടരും....

# ഐപിസി. കേരളാ സ്റ്റേറ്റ് ഉപവാസ പ്രാർത്ഥനയ്ക്ക് പരിസമാപ്തി




1. പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ ദൈവവചനം സംസാരിക്കുന്നു. 2. സദസ്സ്

ഇന്ത്യാ പെന്തക്കോസ്തു ദൈവസഭ കേരള സ്റ്റേറ്റിന്റെ ത്രിദിന ഉപവാസ പ്രാർത്ഥനയ്ക്ക് അനുഗ്രഹീത സമാപ്തി പുതിയ ഭരണ സമിതിയുടെ പ്രവർത്തനങ്ങൾക്കും സഭകളുടെ വളർച്ച, ആത്മാക്കളുടെ വിടുതൽ, കൃപാപരശുശ്രൂഷകൾ സഭയിൽ വെളിപ്പെടുവാൻ, ശുശ്രൂഷകന്മാരുടെ കുടുംബത്തിന്റെ അനുഗ്രഹത്തിനും ഭാരതത്തിന്റെ ഉണർവ്വിനുമായി നടന്ന മൂന്ന് ദിവസത്തെ ഉപവാസ പ്രാർത്ഥനയ്ക്ക് പാസ്റ്റർന്മാരയ രാജു പൂവക്കാല, സി.സി. ഏബ്രാഹാം, ഷിബു നെടുവേലിൽ, ദാനിയേൽ കൊന്നനിൽക്കുന്നതിൽ സഹോദരൻമാരയ പി. എം. ഫിലിപ്പ്, കുഞ്ഞച്ചൻ വാളകം തുടങ്ങിയ സംസ്ഥാന എക

പേജ് 7 ൽ തുടരും....

JAYOLSAVAM MEDIA MINISTRIES Presents
HARVEST tv യിൽ
എല്ലാ ബുധനാഴ്ചയും രാവിലെ 7.30 ന്
പവ്വർ വിഷൻ ടിവിയിൽ
എല്ലാ ബുധനാഴ്ചയും രാവിലെ 9 ന്
പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ

ദൈവവചനം പ്രസംഗിക്കുന്നു രോഗികൾക്കായി പ്രാർത്ഥിക്കുന്നു
കാണുക, അനുഗ്രഹിക്കപ്പെടുക
FOR MORE DETAILS: 9526952121

# പ്രശംസയും അതിന്റെ പിന്നാമ്പുറങ്ങളും




**ഇപ്പോൾ ബലഹീനൻ ശക്തനാണ്. അതിനാൽ ദൈവകൃപ പ്രാപിച്ചവർ ബലഹീനതയിൽ ശക്തീകരിക്കുകയും ദൈവകൃപയിൽ ആശ്രയിക്കുകയും ധൈര്യപ്പെടുകയും വേണം. അശക്തനെന്ന ചിന്തകൾ വെടിഞ്ഞ് എന്നെ ശക്തീകരിക്കുന്നത്. ദൈവകൃപയാൽ ഞാൻ ബലഹീനനല്ല. ശക്തനാണെന്ന ചിന്തയാൽ മുന്നേറാം.**



**പാസ്റ്റർ സുരേഷ് കീഴൂർ**

2 കൊരിന്ത്യർ 12: 1–10 വരെയുള്ള വചനങ്ങളാണ് ഇന്നത്തെ ചിന്തയ്ക്ക് ആധാരം. പ്രശംസ ഇഷ്ടപ്പെടാത്തവർ ആരാണ് ഉള്ളത്. കർ ത്താവിൽ നിന്നുള്ള പ്രശംസയാ ണ് ആവശ്യം എങ്കിലും സ്വയം പ്രശംസപോലും ചെയ്യുന്നവർ നമ്മുടെ ഇടയിൽ ഒരു ശാപമായിക്കൊണ്ടിരിക്കയാണ്. നമ്മുടെ വേദികളും ആരാധനനായോഗങ്ങളുമെല്ലാം പലപ്പോഴും ഇത്തരെക്കാരെക്കൊണ്ട് നിറയുന്നു എന്ന ദുഃഖം എനിക്കുണ്ട്. നാം ചെയ്യുന്നതൊന്നും പ്രശസ്തിയ്ക്ക് വേണ്ടി ആകരുത് എന്ന ബൈ ബിൾ വചനങ്ങൾ എല്ലാം കാറ്റിൽ പറന്നും പോകുന്നു. നമുക്ക് അറിവുള്ള കാര്യം തന്നെ വീണ്ടും വായിക്കുന്നതിന്റെയും പഠിക്കുന്നതിന്റെയും ആവശ്യകത ഇല്ലെങ്കിലും ഓർപ്പിച്ചു ഉണർത്തുന്നവയാണ് ഈ എഴുത്തുകൾ.

ഈ ഭാഗത്ത് പൗലൊസ് അപ്പോസ്തലൻ പറയുന്ന പ്രഥമ വചനം ശ്രദ്ധിക്കുക. പ്രശംസിക്കുന്നതിനാൽ പ്രയോജനം ഇല്ല. നാം ഒരു കാര്യം ചെയ്യുന്നത് വഴി നീളെ വിളിച്ചു പറയുന്നത്കൊണ്ട് എന്ത് നേട്ടമാണ് ഉള്ളത്. നേട്ടങ്ങൾ ഒന്നുമുണ്ടായില്ലെങ്കിലും കോട്ടങ്ങൾ നിരവധിയാണ്. പോസ്റ്ററുകളും ബാനറുകളും നമുക്കു വേണ്ടി ഒരാൾ നിർമ്മിച്ച് പ്രദർശിപ്പിച്ചില്ലെങ്കിൽ ആത് സ്വയം ചെയ്യുന്ന ആളുകളെ കണ്ടിട്ടുണ്ട്. സിനിമയിലെ തിരക്കഥാകൃത്തുക്കളെപ്പോലും വെല്ലുന്ന തരത്തിലുള്ള അന്തർ നാടകങ്ങൾ ഇത്തരം കാര്യങ്ങൾ ചെയ്യുന്നവർ കാട്ടികൂട്ടുന്നു. ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു എന്ന വചനമാണിവിടെ ഓർമ്മവരുന്നത്.

പ്രോത്സാഹനത്തിനു വേണ്ടി ഓരാളെപ്പറ്റി രണ്ടു നല്ല വാക്കുകൾ പറയുന്നതിനെപ്പറ്റി അല്ല ഇവിടെ പരാമർശിക്കുന്നത്. പ്രശംസിക്കുന്നതിനാൽ പ്രയോജനം ഇല്ല എങ്കിൽ ആവശ്യമായിരിക്കുന്നു. പൗലൊസ് തുടരുകയാണ്. ഞാൻ കർത്താവിന്റെ ദർശനങ്ങളെയും വെളിപ്പാടുകളെയുംകുറിച്ച് പറയുവാൻ പോകുന്നു. ക്രിസ്തുവിലുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു. അവൻ പതിനാല് സംവത്സരങ്ങൾക്കുമുമ്പ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു. ശരീരത്തോടെയോ എന്ന് ഞാൻ അറിയുന്നില്ല. ശരീരം കൂടാതെയോ എന്നും അറിയുന്നില്ല. ദൈവം അറിയുന്നു. ആ മനുഷ്യൻ പറുദീസയോളം എടുക്കപ്പെട്ടു. ശരീരത്തോടെയോ ശരീരം കൂടാതെയോ എന്നു ഞാൻ അറിയുന്നില്ല. ദൈവം അറിയുന്നു. മനുഷ്യന് ഉച്ചരിപ്പാൻ പാടില്ലാത്തതും പറഞ്ഞുകൂടാത്തതുമായ വാക്കുകളെ അവൻ കേട്ടു എന്നും ഞാൻ അറിയുന്നു. അവനെക്കുറിച്ച് ഞാൻ പ്രശംസിക്കും.

ഒരു മനുഷ്യന്റെ ആന്തരീകവും ആത്മീകവുമായ പ്രത്യാശയാണ് സ്വർഗ്ഗത്തോളം എടുക്കപ്പെടുക, പറുദീസയിൽ പോവുക എന്നതും. ഇവിടെ പറുദീസയിൽ പോയത് പൗലൊസ് ആണെന്ന് പഠിപ്പിക്കുന്നവർ ഉണ്ട്. പക്ഷെ ആരെന്നിവിടെ വ്യക്തമല്ലത്തതിനാൽ ഈ സംഭവം മാത്രം ഞാൻ സൂചിപ്പിക്കാം. പറുദീസയിൽ എടുക്കപ്പെട്ടാൽ പ്രശംസിക്കാം. കാരണം നമ്മുടെ ഏകലക്ഷ്യം അതു മാത്രമാണ്. എന്തെല്ലാം നേട്ടങ്ങൾ ഇവിടെ ഉണ്ടക്കിയാലും ദൈവരാജ്യപ്രവേശനം സാദ്ധ്യമല്ലാതെ വന്നാൽ എന്ത് പ്രയോജനം? നമ്മുടെ ലക്ഷ്യം ജീവിതത്തിൽ പൂർത്തീകരിച്ചാൽ പ്രശംസിക്കുന്നതിൽ അർത്ഥം ഉണ്ടാകും. സ്വർഗ്ഗത്തോളം എടുക്കപ്പെടുകയും അവിടത്തെ ഭാഷകൾ കേൾക്കുകയും ചെയ്യുന്നത് ഭാഗ്യകരമായ കാര്യമാണ്. അതിൽ പ്രശംസിക്കുന്നതിനാൽ തെറ്റില്ല എന്ന വീക്ഷണമാണ് അപ്പോസ്തലനുള്ളത്. നശിച്ചുപോകുന്ന നേട്ടങ്ങൾക്ക് വേണ്ടി ഓടുകയും , പേരും പെരുമയും സ്വായത്തമാക്കിയാലും അതൊന്നും നിലനിൽക്കുകയില്ല. ഓട്ടക്കളത്തിൽ ഓടുന്നവൻ നേടുന്നത് വാട്ടമുള്ള കിരീടമല്ല. വാടാത്ത കിരീടം പ്രാപിക്കണം എന്നുള്ള അപ്പോസ്തലന്റെ മുന്നറിയിപ്പിവിടെ ചിന്തനീയമാണ്. ബലമുള്ളതിനെലജ്ജിപ്പാൻ ദൈവം ബലഹീനരെ ഉപയോഗിക്കുന്നു. ദൈവത്തിന് ആവശ്യം സ്വയം പ്രശംസകരെ അല്ല. ബലവാന്മാരെയും അല്ല. ദൈവസന്നിധിയിൽ താഴുകയും സഹായത്തിന് വേണ്ടി കർത്താവിനോട് അപേക്ഷിക്കുന്നവരെയുമാണ്. അതുകൊണ്ട് പൗലൊസ് ഇവിടെ രണ്ടു കാര്യങ്ങളിൽ പ്രശംസിക്കും എന്ന് പറഞ്ഞിരിക്കുന്നു. പറുദീസയിൽ എടുക്കപ്പെട്ടാൽ പ്രശംസിക്കാം. അതിന് നമുക്ക് അവകാശമുണ്ട്. അതു നിലനിൽക്കാത്തതുമാണ്.

രണ്ടാമത്തെ പ്രശംസയിൽ താൻ പറയുന്നത് ശ്രദ്ധിക്കു. പറുദീസയോളം എടുക്കപ്പെട്ടവനെപ്പറ്റി ഞാൻ പ്രശംസിക്കും. എനിക്കോ എന്റെ ബലഹീനതകളിൽ അല്ലാതെ പ്രശംസിക്കുകയില്ല. ബലഹീനന് എന്ത് പ്രശംസയാണ് പറയാനുള്ളത്. ഒരു ബലഹീനനെകാണുമ്പോൾ ആളുകൾ മൂക്കിൽ വിരൽ വെക്കുകയില്ലേ? പൗലൊസ് ഇങ്ങനെ പറയുവാൻ ഒരു കാരണം ഉണ്ട്. വെളിപ്പാടുകളുടെ ആധിക്യത്താൽ നിഗളിക്കാതിരിപ്പാൻ ജഡത്തിൽ തനിക്കൊരു ശൂലം ദൈവം ഒരുക്കിയിരിക്കുന്നു. അത് സാത്താന്റെ ദൂതനാണെന്നും അറിവ് പൗലൊസിനുണ്ട്. ഈ ബലഹീനത തന്നിൽ നിന്ന് നീങ്ങിപോകണം എന്നുള്ള ആഗ്രഹത്താൽ ജഡത്തിന്റെ ഈ ബലഹീനത തന്നിൽ നിന്ന് നിങ്ങണമെന്ന് ദൈവത്തോട് താൻ അപേക്ഷിച്ചു. ദൈവം കേട്ടു. പക്ഷെ മറുപടി തന്റെ ആഗ്രഹം അനുസരിച്ചുള്ളതല്ലായിരുന്നു. എന്റെ കൃപ നിനക്കു മതി എന്റെ ശക്തി നിന്റെ ബലഹീനതയിൽ തികഞ്ഞ് വരുന്നു എന്നുള്ളതായിരുന്നു. ബലഹീനനെന്ന് തോന്നുന്ന ഒരാൾക്ക് പ്രശംസിക്കാം. കാരണം ബലഹീനതയിൽ തികഞ്ഞു വരുന്ന ദൈവകൃപ കൂടെ ഉണ്ട്. ശക്തനെന്ന് തോന്നുന്ന ആൾക്ക് പ്രശംസിക്കുവാൻ വകയില്ലെന്നും, ബലഹീനന് പ്രശംസിക്കാം എന്നതും വിരോധാഭാസമായി തോന്നുന്നില്ലേ. ദൈവത്തിന്റെ കൃപ ഒരാൾ അനുഭവിക്കുന്നുണ്ടെങ്കിൽ അയാളെ നിശ്ചയമായും അസാമാന്യ വ്യക്തിയാക്കി ദൈവം മാറ്റും. സ്വയം ശക്തനാണെന്നും തോന്നുന്ന ഒരുവന് മറ്റൊരാളുടെ സഹായം ആവശ്യം ഇല്ലല്ലോ. എന്നെ സഹായിക്കേണം എന്ന് അപേക്ഷിക്കുന്നവർക്കാണ് സഹായം ലഭിക്കുന്നത്. പൗലൊസ് തുടരുമ്പോൾ ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെ മേൽ ആവസിക്കേണ്ടതിന് ഞാൻ അതീവ സന്തോഷത്തോടെ എന്റെ ബലഹീനതയിൽ പ്രശംസിക്കും. ഇവിടെ പരാതികൾ ഇല്ല. പിറുപിറുപ്പില്ല, വാഗ്ദത്തങ്ങൾ ഇല്ല. കാരണം ദൈവം ബലഹീനതയെ സമ്പൂർണ്ണതയിലേക്ക് മാറുവാൻ കഴിയുന്നവനാണ്. ഒരുവൻ (ബലഹീനൻ) ശക്തനാക്കപ്പെടുമ്പോൾ ക്രിസ്തുവിനു വേണ്ടി ബലഹീനത, കൈയേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു. ബലഹീനനായിരിക്കുമ്പോൾ തന്നേ ഞാൻ ശക്തനാകുന്നു.

ഇപ്പോൾ ബലഹീനൻ ശക്തനാണ്. അതിനാൽ ദൈവകൃപ പ്രാപിച്ചവർ ബലഹീനതയിൽ ശക്തീകരിക്കുകയും ദൈവകൃപയിൽ ആശ്രയിക്കുകയും ധൈര്യപ്പെടുകയും വേണം. അശക്തനെന്ന ചിന്തകൾ വെടിഞ്ഞ് എന്നെ ശക്തീകരിക്കുന്നത്. ദൈവകൃപയാൽ ഞാൻ ബലഹീനനല്ല. ശക്തരാണെന്ന ചിന്തയിൽ മുന്നേറാം. പരാജയ ഭീതി മാറി വരും ദിനങ്ങളിൽ പ്രശംസിക്കുവാനുള്ള കൃപയിൽ ആശ്രയിക്കാം. പ്രശംസിക്കുന്ന രണ്ട് കാര്യങ്ങൾ ഒന്നാമതായി പറുദീസയുടെ അനുഭവം പ്രാപിച്ചവൻ. രണ്ടാമതായി ബലഹീനതയിൽ. ഇവ സ്വായത്വമാക്കുവാൻ ദൈവം നമ്മെയും ഇടയാക്കട്ടെ.

## ആത്മീയ ആരാധന

**പേജ് 5 ന്റെ തുടർച്ച....**

യാഗമായിത്തീരേണം. നമ്മുടെ ശരീരം പത്തു കമ്പിയുള്ള ഒരു വീണയാണ്. പ്രസ്തുത വീണ കൊണ്ട് നിരന്തരമായി ദൈവത്തിന് മഹത്വം കൊടുക്കുന്നതാണ് ആരാധന. നമ്മുടെ രണ്ട് കാതുകൾ കൊണ്ട് കർത്താവിന്റെ മൃദുല സ്വരം നാം കേൾക്കേണം. നമ്മുടെ രണ്ട് കണ്ണുകൾ കൊണ്ട് കർത്താവിന്റെ സൗന്ദര്യധോരണിയെ ദർശിക്കേണം. നമ്മുടെ നാവിനാൽ കർത്താവിനെ സ്തുതിക്കുക. രണ്ട് കൈകൾ കൊണ്ട് കർത്താവിനായി പ്രവർത്തിക്കുക. രണ്ട് കാൽകളാൽ നീതി പാതകളിൽ നടക്കേണം. നമ്മുടെ ഹൃദയം രാജാധി രാജാവായ കർത്താവിന് സിംഹാസനം ഒരുക്കേണം. ഈ നിലയിൽ നാം ഒരോ ദിവസവും ദൈവത്തിന് പ്രസാദമുള്ള യാഗമായി നമ്മെത്തന്നെ സമർപ്പിക്കുന്നതാണ് ആരാധന. ഇതിനോട് തിരുവെഴുത്തും ഒക്കുന്നു. യെശയ്യാവ് 33:15 'നീതിയായി നടന്ന് (കാലുകൾ) നേർ പറയുകയും (നാവ്) പീഡനത്താലുള്ള ആദായം വെറുക്കുകയും (ഹൃദയം) കൈക്കൂലി വാങ്ങാതെ കൈ കുടഞ്ഞു കളകയും (കൈകൾ), രക്തപാതകത്തെക്കുറിച്ച് കേൾക്കാതെവണ്ണം ചെവി പൊത്തുകയും (ചെവികൾ) ദോഷത്തെ കണ്ടു രസിക്കാതെവണ്ണം കണ്ണ് അടച്ചു കളകയും ചെയ്യുന്നവൻ (കണ്ണുകൾ). ഇങ്ങനെ നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുന്നതാണ് ആരാധന.

ആ നിലയിൽ ആരാധിക്കുന്നവന്റെ അനുഗ്രഹവും തുടർന്ന് പ്രസ്താ വിക്കുന്നു. (33: 16.)

1. Their position ( അവർ ഉയരത്തിൽ വസിക്കും)
2. Their protection (പാറക്കോട്ടകൾ അവർക്ക് അഭയമായിരിക്കും)
3. Their Provision (അവരുടെ അപ്പവും വെള്ളവും മുട്ടിപ്പോകയില്ല.)
4. Their prospect (രാജാവിനെ പൂർണ്ണ സൗന്ദര്യത്തോടെ കാണും, വിശാലമായ ദേശം കൈവശമാക്കും)

**JAYOLSAVAM NEWS**

**എഡിറ്റോറിയൽ ബോർഡ്**

**ചീഫ് എഡിറ്റർ**
പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ

**മാനേജിംഗ് എഡിറ്റേഴ് സ്**
ജോജി ഐപ്പ് മാത്യൂസ്
സിസ്റ്റർ ലിസാ ദാനിയേൽ

**മാനേജർ**
ജയ്സൺ സോളമൻ

**അസ്സോ. എഡിറ്റർ**
സുവി. അജികുമാർ കാട്ടാക്കട
ബ്രദർ സന്തോഷ് റ്റി. പട്ടം

**ജനറൽ എഡിറ്റേഴ്സ്**
സജി മത്തായി കാതേട്ട്
പാസ്റ്റർ ജിജി ചാക്കോ
സുവി. എബിൻ ഇ. എസ്.

**ഓവർസീസ് എഡിറ്റർ**
പാസ്റ്റർ ബിനു ജേക്കബ്ബ്

**ജയോത്സവം ന്യൂസ് വാർഷിക വരിസംഖ്യ**

| | | |
|---|---|---|
| ഇന്ത്യയിൽ ഒരു വർഷത്തേക്ക് | – | 120 രൂപ |
| യു. എസ്. എ. ഒരു വർഷം | – | 50 ഡോളർ |
| ഗൾഫ് ഒരു വർഷം | – | 2000 രൂപ |
| യു. കെ ഒരു വർഷം | – | 20 പൗണ്ട് |

**ജയോത്സവം പരസ്യനിരക്ക്**

| SIZE | MULTICOLOUR | BLACK & WHITE |
|---|---|---|
| 2 Page | 26000 | 14000 |
| 1 Page | 13000 | 7000 |
| 1/2 Page | 6500 | 3500 |
| 1/4 Page | 3250 | 2000 |
| 10cm x 3 Colum | 1500 | 1000 |
| 5cm x 1 colum | 750 | 500 |



ആ ആടിനെ നടക്കാൻ പോലും അനുവദിക്കാതെ സ്നേഹത്തോടെ, ലാളനയോടെ, ചുമലിലേറ്റി തിരികെ വീട്ടിലേക്കു നടക്കുന്ന ആ ഇടയന്റെ മനസ്സലിവിനെ ഒന്നോർത്തു നോക്കൂ. നമ്മുടെ കർത്താവ് നമ്മോടു കാണിച്ച ദയയും കരുണയും എത്ര വലുതെന്നോർത്താൽ നന്ദിയോടെ സ്തുതിക്കാനല്ലാതെ മറ്റൊന്നിനും കഴിയുകയില്ല.



പാസ്റ്റർ കെ. തോമസ്

# ലൂക്കോസ് പതിനഞ്ചാം അദ്ധ്യായം ഒരു പഠനം

നാലു സുവിശേഷങ്ങളിലായി നാൽപ്പതിലേറെ ഉപമകൾ ഉള്ളതിൽ ഇരുപത്തി അഞ്ചോളം ഉപമകൾ ലൂക്കോസിന്റെ സുവിശേഷത്തിലാകുന്നു. വലിയ ആത്മീയ സത്യങ്ങളെ സാധാരണക്കാർക്ക് മനസ്സിലാകത്തക്ക നിലയിൽ നാട്ടിൽ സാധാരണ കാണുന്നതും അറിയുന്നതുമായ കാര്യങ്ങൾ കർത്താവ് ഉപമകളായി പ്രസ്താവിച്ചിരിക്കുന്നു. ലൂക്കോസ് പതിനഞ്ചാം അദ്ധ്യായത്തിൽ മുപ്പത്തിരണ്ടു വാക്യങ്ങളിലായി യേശു പറഞ്ഞ മൂന്നു ഉപമകൾ കാണാൻ കഴിയും. ആദ്യത്തേത് നൂറിലൊന്നിന്റെ ഉപമയും അടുത്തത് പത്തിലൊന്നിന്റെ ഉപമയും മൂന്നാമത്തേത് രണ്ടിലൊന്നിന്റെ ഉപമയുമാണ്. നൂറാടുകൾ ഉണ്ടായിരുന്ന ഒരാളിനു അതിൽ ഒന്നു കാണാതെപോയി. അന്വേഷിക്കുന്നത് ഇടയനല്ല ഉടമസ്ഥനാണ്. അദ്ദേഹം അതിന്റെ ഇടയനുംകൂടെ ആയിരിക്കാം. ഇടയൻ എന്ന പദം ഈ ഉപമയിൽ കാണാൻ കഴിയുന്നില്ലെങ്കിലും കേൾവിക്കാരുടെ മനസ്സിൽ ഒരു ഇടയന്റെ ചിത്രം തെളിഞ്ഞു വരുന്നു. ഉടമസ്ഥൻ തന്നെ ഇടയനും ആയതു കൊണ്ട് വർദ്ധിച്ച ഉത്സാഹത്തോടും ഉത്തരവാദിത്വത്തോടും കൂടെ അന്വേഷിക്കും. കാണാതെ പോയ ആടിനെഅന്വേഷിച്ചു കണ്ടെത്തുന്ന ഇടയനും ഉടമസ്ഥനും യേശുക്രിസ്തുവാകുന്നു. പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവത്തെ ഇടയനായും മനുഷ്യരെ ആടുകളായും ഉപമിച്ചിരിക്കുന്നു. യഹോവ തന്നെ ദൈവം എന്നറിവിൻ, അവൻ നമ്മെ ഉണ്ടാക്കി; നാം അവനുള്ളവർ ആകുന്നു; അവന്റെ ജനവും അവൻ മേയിക്കുന്ന ആടുകളും തന്നെ.സങ്കീ.100:3. ഒരു ശാസ്ത്രീയ പഠനം പറയുന്നത് പല കാര്യങ്ങളിലും ആടുകൾ മനുഷ്യരെപ്പോലെ പ്രതികരിക്കും എന്നാണ്. കുറഞ്ഞതു അൻപതു ആടുകളുടെ മുഖങ്ങൾ രണ്ടു വർഷത്തേങ്കിലും അവക്കു ഓർത്തിരിക്കാൻ കഴിയും. കൂട്ടത്തിൽ നിന്ന് ഒറ്റപ്പെട്ടുപോയാലോ, ശത്രുവിനേയോ, അപരിചിതരേയോ, കാണുമ്പോഴോ ഭയത്താൽ സാധാരണ ഒരു മിനിറ്റിൽ ഉള്ളതിനേക്കാൾ കുറഞ്ഞതു ഇരുപതു പ്രാവശ്യമെങ്കിലും അതിന്റെ ഹൃദയസ്പന്ദനം കൂടുമത്രേ. യേശു പറഞ്ഞു ഞാൻ നല്ല ഇടയൻ ആകുന്നു; നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു യോഹ. 10:11. പത്തു ദ്രഹ്മകളുള്ള ഒരു സ്ത്രീക്ക് അതിൽ ഒന്നു നഷ്ടപ്പെട്ടു. വിളക്കു കത്തിച്ച് സൂക്ഷ്മത്തോടെ അന്വേഷിച്ച് കണ്ടെത്തുന്നു. മാനവരക്ഷയുടെ ദൈവീക പദ്ധതിയിൽ പരിശുദ്ധാത്മാവിന്റെ പങ്കിനെയാണ് ഈ ഉപമ വെളിപ്പെടുത്തുന്നത്. രണ്ടു പുത്രന്മാരുള്ള ഒരു പിതാവിനു, നഷ്ടപ്പെട്ട ഇളയവനെതിരികെ കിട്ടി. ആ പിതാവ് സ്വന്തം പുത്രനെനമുക്കു നൽകിയ പിതാവായ ദൈവമാണ്. മൂന്നു വ്യത്യസ്ഥ വാദ്യോപകരണങ്ങളിൽ കൂടെ ഒരേ ഗാനം വായിച്ചു കേൾക്കുന്നതുപോലെ അതിമനോഹരമാണ് ഈ മൂന്നു ഉപമകളെന്നാണ് ഒരു എഴുത്തുകാരൻ എഴുതിയിരിക്കുന്നത്. ശബ്ദത്തിനു വ്യത്യാസം. പക്ഷെ പാട്ട് ഒന്ന്. നഷ്ടപ്പെട്ട മാനവജാതിയെ വീണ്ടെടുക്കുവാനുള്ള ദൈവീക പദ്ധതിയിൽ പിതൃപുത്രപരിശുദ്ധാത്മാവാം ത്രിയേക ദൈവത്തിന്റെ ഇടപെടലുകളാണ് ഈ മൂന്നു ഉപമകളിൽ നാം കാണുന്നത്. ആടിന്റെ ബുദ്ധിമോശമാണ് നഷ്ടപ്പെടാൻ കാരണം. ദ്രഹ്മ നഷ്ടപ്പട്ടത് അതിന്റെ കുറ്റം കൊണ്ടല്ല. മറ്റാരുടേയോ കുറ്റം കൊണ്ടാണ്. പുത്രൻ നഷ്ടപ്പട്ടത് അവൻ തന്നെ മനഃപൂർവ്വം ചെയ്ത പ്രവർത്തികളാലാണ്. അറിവില്ലായ്മയാലൊ, അറിവോടെയോ, അതല്ല മറ്റുള്ളവർ മുഖാന്തരമോ പാപം ചെയ്ത ഒരു വ്യക്തിക്ക് ദൈവത്തിങ്കലേക്കു മടങ്ങിവരാനാകുമെന്ന് ഈ മൂന്നു ഉപമകൾ നമ്മെ പഠിപ്പിക്കുന്നു.

**1. നഷ്ടപ്പെട്ട ആടിന്റെ ഉപമ (ലൂക്കോസ് 15:7)**

ഇവൻ പാപികളെ കൈക്കൊണ്ടു അവരോടുകൂടെ ഭക്ഷിക്കുന്നു എന്നു പരീശന്മാരും ശാസ്ത്രിമാരും പിറുപിറുത്തു. അവരോട് അവൻ ഈ ഉപമ പറഞ്ഞു: നിങ്ങളിൽ ഒരു ആൾക്ക് നൂറാടുണ്ട് എന്നിരിക്കട്ടെ. അതിൽ ഒന്നു കാണാതെ പോയാൽ അവൻ തൊണ്ണൂറ്റൊമ്പതിനേയും മരുഭൂമിയിൽ വിട്ടേച്ചു, ആ കാണാതെ പോയതിനെ കണ്ടെത്തുംവരെ നോക്കി നടക്കാതിരിക്കുമോ? നൂറാടുകളുള്ള ഒരു വ്യക്തി. അദ്ദേഹത്തിന് നുറാടുകളിൽ ഒന്നു നഷ്ടപ്പെട്ടു. വഴിതെറ്റി ഉഴലുന്ന പ്രവണത ആടുകൾക്കുണ്ട്. അതുകൊണ്ടുതന്നെയാണ് അതിനു ഒരു ഇടയൻ ആവശ്യമായിരിക്കുന്നതും. (യെശ. 53:6, 1പത്രോ. 2:25). പത്തോ ഇരുപതോ മാത്രമേ ഉണ്ടായിരുന്നുവെങ്കിൽ കൂടുതൽ കരുതലും, ശ്രദ്ധയും ഒരാടിന്മേൽ ഉണ്ടായിരുന്നേനെ. നൂറുള്ളതുകൊണ്ട് ഒന്നു പോയെങ്കിൽ പോകട്ടെ എന്നു വെക്കാമായിരുന്നു. നൂറ് എന്ന സംഖ്യയുടെ അർത്ഥത്തെക്കാൾ ആ സംഖ്യയുടെ വലുപ്പത്തിനാണ് പ്രാധാന്യം. അതായത് കുറച്ച് ആടുകളെയുള്ളു എങ്കിൽ ഓരോന്നിനും വലിയ ശ്രദ്ധയും പരിചരണവും കൊടുക്കും. എണ്ണം കൂടുതലുണ്ടെങ്കിൽ സ്വാഭാവികമായും അതു കുറയും. നൂറു ആടുകൾ എന്നത് ആ കാലത്ത് ധനവാനായ ഒരാൾക്കുള്ള ഒരാട്ടിൻ കൂട്ടത്തിലെ ആടുകളുടെ ശരാശരി എണ്ണമാണ്. നൂറു ആടുകളുള്ള ആ വ്യക്തിക്ക് ഒരെണ്ണം നഷ്ടപ്പെട്ടപ്പോൾ, ബാക്കി തൊണ്ണൂറ്റൊമ്പത് ഉണ്ടല്ലോ, പോയതു പോകട്ടെ എന്നു ചിന്തിക്കാതെ തൊണ്ണൂറ്റമ്പതിനേയും മരുഭൂമിയിൽ വിട്ടേച്ച് കാണാതെ പോയ ആ ഒന്നിനെ അന്വേഷിച്ച് ഇറങ്ങി. ആദ്യത്തെ രണ്ടു ഉപമകളിലും പൊതുവായി കാണുന്ന മൂന്നു കാര്യങ്ങളുണ്ട്. അന്വഷിക്കുക, കണ്ടെത്തുക, സന്തോഷിക്കുക. വൈകുന്നേരം തന്റെ ആടുകളെ ആലയിലേക്കു കൊണ്ടു വന്ന ഇടയൻ അവകളെ എണ്ണി അകത്തേക്കു പ്രവേശിപ്പിക്കുമ്പോൾ ഒരാടില്ല എന്നു മനസ്സിലായി. തൊണ്ണൂറ്റൊമ്പതിനേയും സുരക്ഷിത സ്ഥാനത്താക്കിയ ശേഷം ആ ഇടയൻ കാണാതെ പോയതിനെ തേടി ഇറങ്ങുന്നു. ഇടയൻ നടത്തുന്ന പുൽമേട്ടിൽ നിന്നും ഭക്ഷിച്ച് ഇടയന്റെ വേലിക്കകത്തു സുരക്ഷിതമായി കഴിയേണ്ടതിനു പകരം, നിയന്ത്രണങ്ങൾ ഇല്ലാത്ത, പുൽമേട്ടിൽ നിന്നും പുൽമേട്ടിലേക്കു യഥേഷ്ടം സഞ്ചരിക്കുന്ന, സ്വാതന്ത്ര്യത്തിലേക്കു പോകാൻ ഈ ആട് ആഗ്രഹിച്ചു. ഇടയന്റെ വേലിയുടെ നാലതിരുകൾക്ക് ഉള്ളിൽ നിന്നും സ്വാതന്ത്ര്യത്തിന്റെ വിശാലതയിലേക്കു ആ ആട് പോയി. ഇടയന്റ വേലിക്കകത്തു സുരക്ഷിതത്വം ഉണ്ട്. കരുതലുണ്ട്. എന്നാൽ പുറത്ത് അതില്ല. ദൈവവചനത്തിന്റെ നാലതിരുനുള്ളിൽ ദൈവകൃപയിൽ നിൽക്കുന്ന ഒരാളിനു മാത്രമേ ദൈവീക സുരക്ഷിതത്വം അനുഭവിക്കാൻ കഴിയൂ.

ഈ ഉപമ വായിക്കുമ്പോൾ നമ്മുടെ ഭാവനയിൽ തെളിഞ്ഞു വരുന്ന ഒരു ചിത്രം ഉണ്ട്. സ്വാതന്ത്ര്യം കൊതിച്ച ആട് ഇടയന്റെ നിയന്ത്രണങ്ങളുടെ ചട്ടക്കൂടിൽ നിന്ന് രക്ഷപെട്ട് നടന്നു കാണണം. ഹാവൂ! രക്ഷപ്പെട്ടു. ഇനി ഇടയന്റെ നിയന്ത്രണത്തിലല്ല, മലരുകളുടെ സുഗന്ധവും മന്ദമാരുതന്റെ തലോടലും ഏറ്റ് മനസ്സു നിറഞ്ഞ സന്തോഷവുമായി ഇഷ്ടം പോലെ സഞ്ചരിക്കാമല്ലോ എന്നു പറഞ്ഞുകാണും. അങ്ങനെ പുൽതളിരുകളും തിന്ന് സുഗന്ധ കാറ്റും ആസ്വദിച്ച് യാത്ര ചെയ്ത ആ ആട് ഇരുട്ടു വീണതറിഞ്ഞില്ല. സ്വാതന്ത്ര്യം എന്നാണ് ആ ആട് കരുതിയതെങ്കിലും യഥാർത്ഥത്തിൽ നാശത്തിലേക്കാണ് അതു പോകുന്നത്. താൽക്കാലികമായ ജഢീക സുഖം നുകർന്ന് പാപവഴികളിൽ കൂടെ നിത്യ നരകത്തിലേക്കു പ്രയാണം ചെയ്യുന്ന മനുഷ്യനെയാണ് ഈ ആട് പ്രതിനിധാനം ചെയ്യുന്നത്. ഇരുട്ടും അകലെ നിന്നും കേൾക്കുന്ന മൃഗങ്ങളുടെ ഭയപ്പെടുത്തുന്ന ശബ്ദവും മൂലം പരിഭ്രാന്തിയിലായ ആ ആട് വഴിയറിയാതെ ഓടി പൊടുന്നനവേ വള്ളിക്കെട്ടുകളാൽ നിറഞ്ഞ ഒരു കുഴിയിൽ വീണു. നല്ല ഇടയനെ വിട്ടോടിയാൽ ന്യായവിധിയുടെ ഇരുട്ടിൽ പിന്നീട് ഒരിക്കലും രക്ഷപ്പെടാൻ കഴിയാത്ത വിധം അകപ്പെടുമെന്നതിനു സംശയമില്ല. ക്രൂരമൃഗങ്ങൾ എപ്പോഴാണ് ചാടി വീഴുന്നെതെന്ന് അറിയാതെ മരണത്തെ മുന്നിൽ കണ്ട് വള്ളികളിൽ കുടുങ്ങി അലറിക്കരഞ്ഞ ആ ആടിനെ പെട്ടെന്ന് ബലിഷ്ടങ്ങളായ രണ്ടു കരങ്ങൾ പൊക്കിയെടുത്തു. ആടിനെ തേടി ഇറങ്ങിയ ഇടയന്റെ കരങ്ങളായിരുന്നു അത്. ബലമുള്ള ആ കരങ്ങളാൽ ആടിനെചുറ്റി ബന്ധിച്ചിരുന്ന കാട്ടുവള്ളികൾ അറുത്തുമാറ്റി താൻ അതിനെ ചുമലിലേറ്റി വീട്ടിലേക്കു കൊണ്ടു വരുന്നു. കാണാതെ പോയതിനെതിരഞ്ഞു രക്ഷിപ്പാൻ വന്ന നല്ല ഇടയനായ യേശു, പാപവും പിശാചും ബന്ധിച്ചിരുന്ന നമ്മെ തേടി വന്ന്, നമ്മുടെ ബന്ധനങ്ങൾ അഴിച്ച് സന്തോഷത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും നമ്മെ കൊണ്ടു വരുന്നതിന്റെ ഒരു മനോഹര ചിത്രമാണത്. യേശുവിനെ വിളിച്ചപേക്ഷിക്കുന്ന ഒരുവന് രക്ഷയുണ്ട്, വിടുതലുണ്ട്, അനുഗ്രഹങ്ങളുണ്ട്. ആട് ആ രാത്രിയിൽ വരുത്തിയ ബദ്ധിമുട്ടിനും പ്രയാസത്തിനും ഇടയൻ ഒരു വടിയെടുത്ത് നല്ല രണ്ട് അടി കൊടുത്ത് ശിക്ഷിക്കേണ്ടതായിരുന്നു. അല്ലെങ്കിൽ ഏതെങ്കിലും ഒരു കാട്ടുവള്ളിയെടുത്ത് കഴുത്തിൽ കെട്ടി ദ്വേഷ്യത്തോടെ വായിൽ വന്ന ശകാര വാക്കുകൾ മുഴുവൻ വിളിച്ചുപറഞ്ഞ് അതിനെ വലിച്ചു കൊണ്ടു പോകേണ്ടതായിരുന്നു. അതിനു പകരം കഴിഞ്ഞതെല്ലാം മറന്ന്, ആ ആടിനെ നടക്കാൻ പോലും അനുവദിക്കാതെ സ്നേഹത്തോടെ, ലാളനയോടെ, ചുമലിലേറ്റി തിരികെ വീട്ടിലേക്കു നടക്കുന്ന ആ ഇടയന്റെ മനസ്സലിവിനെ ഒന്നോർത്തു നോക്കൂ. നമ്മുടെ കർത്താവ് നമ്മോടു കാണിച്ച ദയയും കരുണയും എത്ര വലുതെന്നോർത്താൽ നന്ദിയോടെ സ്തുതിക്കാനല്ലാതെ മറ്റൊന്നിനും കഴിയുകയില്ല. മുൻകാലുകളും പിൻകാലുകളും കഴുത്തിലൂടെ ഇടയന്റെ നെഞ്ചിന്റെ ഇരുഭാഗത്തേക്കുമിട്ട് ഭാരം മുഴുവനും ഇടയന്റെ ചുമലിലും അർപ്പിച്ച് ആ ആട് ഇരിക്കുന്നു. വീണുപോകാതെ ആ ആടിനെ തന്റെ ഒരു കൈ കൊണ്ട് മുൻകാലുകളും മറ്റെ കൈ കൊണ്ട് പിൻകാലുകളും ബലമായി നെഞ്ചോടു ചേർത്തു പിടിച്ച് ഇരുട്ടിനെ കീറിമുറിച്ച് വീട്ടിലേക്കു നടക്കുകയാണ് ആ ഇടയൻ. ഇപ്പോൾ ഇടയന്റെ തലക്കും മുകളിൽ തല ഉയർത്തി ഇരിക്കുന്ന ആ ആടിനെ മനസ്സിൽ ഒന്നു സങ്കൽപ്പിച്ചു നോക്കുക. എന്തു ഗമയിലാണ് ആ ഇരുപ്പ്. ആ രാത്രിയിൽ ആടിനെ അന്വഷിച്ചു നടന്ന ഇടയൻ അനുഭവിച്ച കഷ്ടതക്കും, അൽപ്പ സമയത്തിനു മുൻപുവരെ ആ ആട് നിലവിളിച്ച നിലവിളിക്കും, ഇപ്പോൾ അവിടെ സ്ഥാനമില്ല. പകരം സന്തോഷം നിറഞ്ഞു നിൽക്കുന്ന അന്തരീക്ഷം. ആടിനെ കിട്ടിയ ഇടയനും ഇടയനെ കിട്ടിയ ആടിനും സന്തോഷം മാത്രം. ഇടയനാകട്ടെ ഒരുപടി കൂടെ കടന്ന് വീട്ടിൽ വന്ന് സ്നേഹിതരേയും അയൽക്കാരേയും വിളിച്ചു കൂട്ടി ആടിനെ തിരികെ കിട്ടിയത് ഒരാഘോഷമാക്കി മാറ്റുകയാണ്. ഒരു പാപി മാനസാന്തരപ്പെടുമ്പോൾ സ്വർഗ്ഗത്തിൽ ദൈവദൂതന്മാരുടെ മദ്ധ്യേ ആഘോഷം നടക്കുകയാണ്. അപ്പനു മക്കളോട് കരുണ തോന്നുന്നതു പോലെ യഹോവെക്കു തന്റെ ഭക്തന്മാരോടു കരുണ തോന്നുന്നു. അവൻ നമ്മുടെ പ്രകൃതി അറിയുന്നുവല്ലോ. ബുദ്ധിമോശത്താൽ ചെയ്തു പോകുന്ന പാപങ്ങൾക്കു പകരം ചെയ്യാതെ നമ്മെ വീട്ടിലെത്തുവോളം ചുമലിലെടുക്കുന്ന യേശു എന്ന ഇടയനായി നമുക്കു സ്തോത്രം ചെയ്യാം.

# സുവിശേഷത്തെ വികലമാക്കരുത്

**ക്രിസ്തുവിനെ പോലെയാകാതെ എങ്ങനെ ക്രിസ്തുവിനെക്കുറിച്ച് പറയാൻ കഴിയും. നമ്മുടെ ഗോസ്പൽ നമ്മുടെ മസ്സിൽ കാണിക്കാനുള്ളതല്ല. നമ്മിലൂടെ ക്രിസ്തുവിനെ കാണിക്കാൻ വേണ്ടിയാണ്. അതുകൊണ്ടാണ് പൗലൊസ് പറഞ്ഞത്; ക്രിസ്തുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ.**



## എഡിറ്റോറിയൽ

പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ

സുവിശേഷം ആർക്കും പറയാം. എവിടെയും പറയാം. എങ്ങനെയും പറയാം. എന്നാൽ ജീവിതമില്ലാത്ത സുവിശേഷം ജനം പുഛിച്ച് തള്ളും. പണ്ടുകാലങ്ങളെപ്പോലെ സുവിശേഷമറിയിക്കാനുള്ള സാധ്യതകൾ വളരെയാണ്. മുൻകാലങ്ങളിൽ വ്യക്തിപരമായ സുവിശേഷം, പരസ്യയോഗം, കൺവൻഷനുകൾ ഇങ്ങനെ വളരെ പരിമിതമായ ഉപാധികൾ മാത്രമായിരുന്നു. എന്നാൽ ഇന്ന് അത് സീമാതീതമായി ഒരേ സമയത്ത് ആയിരങ്ങളെ പതിനായിരങ്ങളെ റീച്ച് ചെയ്യത്തക്ക രീതിയിൽ ഉള്ള സമൂഹമാധ്യമങ്ങൾ നമുക്കുണ്ട്. അവയെ ശരിയായ രീതിയിൽ നാം ഉപയോഗിച്ചാൽ അനേകർ യേശുവിനെ അറിയുന്നതിന് കാരണമാകും.

പൊതുജനം വിഡ്ഢികളാണെന്ന് നാം ധരിക്കരുത്. നമ്മുടെ വികാരങ്ങളെ പ്രകടിപ്പിക്കാനുള്ള പൊതുവേദിയല്ല സമൂഹ മാധ്യമം. കഴിഞ്ഞ കുറെ ദിവസങ്ങളായി സമൂഹ മാധ്യമങ്ങളിൽ ആശയക്കുഴപ്പം ഉളവാക്കത്തക്ക രീതിയിലുള്ള പ്രസംഗങ്ങളും പ്രതികരണങ്ങളും എന്റെ ശ്രദ്ധയിൽപ്പെടാൻ ഇടയായി. ഞാൻ സുവിശേഷത്തെ ധാരാളം സ്നേഹിക്കുന്നത് കൊണ്ടാകാം ഇങ്ങനെയുള്ള സന്ദേശങ്ങളും വാദപ്രതിവാദങ്ങളും എന്നെ വളരെ വേദനിപ്പിച്ചു. തെറ്റായ ഉപദേശങ്ങൾക്കെതിരെ നാം ശക്തമായി പ്രതികരിക്കണം ഒരിക്കലും ദുരുപദേശങ്ങളെ പാലൂട്ടി വളർത്താൻ സാധ്യമല്ല. എന്നാൽ നമ്മുടെ കായികബലം കൊണ്ടല്ല ഇവയെ എതിർക്കേണ്ടത് പ്രസ്തുത ദൈവവചനവും നമ്മുടെ ജീവിതവും കൊണ്ടാണ്. സുവിശേഷ വേലയിൽ ഏറ്റവും പ്രധാനം സുവിശേഷമറിയിക്കുന്നവരുടെ ജീവിതമാണ്. മഹാത്മഗാന്ധി പറഞ്ഞു "എന്റെ ജീവിതമാണ് എന്റെ സന്ദേശം." പൊതുജനം നോക്കുന്നത് നമ്മുടെ പ്രസംഗത്തെക്കാളുപരി നമ്മുടെ ജീവിതമാണ്. പലതരത്തിലുള്ള ഉപദേശങ്ങൾ പൊട്ടിമുളയ്ക്കുന്ന കാലഘട്ടമാണിത്. ഉദാ: ഗ്ലോറിയസ് ഗോസ്പൽ, കൃപയുടെ സുവിശേഷം ഇങ്ങനെഎത്രയെത്ര സുവിശേഷങ്ങൾ. ചിലർ തങ്ങളുടെ സുവിശേഷം സ്ഥാപിക്കാൻ വളരെ തരം താണ ഭാഷയിൽ വൃത്തികെട്ട ശൈലിയിൽ ഗുണ്ടകളെപോലെ സംസാരിക്കുന്നത് സോഷ്യൽ മീഡിയായിലും മറ്റും കാണുമ്പോൾ എന്ത് മാത്രം അധഃപതിച്ച് പോയി എന്ന് തോന്നിപോകാറുണ്ട്.

ക്രിസ്തുവിനെ പോലെയാകാതെ എങ്ങനെ ക്രിസ്തുവിനെക്കുറിച്ച് പറയാൻ കഴിയും. നമ്മുടെ ഗോസ്പൽ നമ്മുടെ മസ്സിൽ കാണിക്കാനുള്ളതല്ല. നമ്മിലൂടെ ക്രിസ്തുവിനെ കാണിക്കാൻ വേണ്ടിയാണ്. അതുകൊണ്ടാണ് പൗലൊസ് പറഞ്ഞത്; ക്രിസ്തുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ. ക്രിസ്തുവിനെ ക്രൂരമായി മർദ്ദിക്കുമ്പോഴും അടിക്കുമ്പോഴും "വാടാ കാണിച്ച് തരാം" എന്ന് കർത്താവ് പറഞ്ഞില്ലല്ലോ. ഈ യേശുകർത്താവിന്റെ ഉപദേശം വികലമാക്കരുത് എന്ന അഭിപ്രായമാണെനിക്കുള്ളത്. ദൈവം നാമം നമ്മിലൂടെ ജാതികളുടെ നടുവിൽ അപമാനിക്കപ്പെടാൻ ഇടയാകാത്ത രീതിയിൽ നമുക്ക് സുവിശേഷത്തിന്റെ വക്താക്കളാകാം

ലേഖനം

# അവരെ അവരുടെ വഴിക്ക് വിടുക!

**ഒരിക്കൽ ഏത് നാവു കൊണ്ട് ഏതൊരു വിശ്വാസത്തെ ഉയർത്തിയോ അതേ നാവുകൊണ്ട് അതിനെതിരായി പറയുന്നവർ വർദ്ധിച്ചു വരുമ്പോൾ ഓർക്കണം കർത്താവിന്റെ വരവ് സമീപിച്ചിരി ക്കുന്നു.**



പാസ്റ്റർ ബി. മോനച്ചൻ കായംകുളം

ലോകമെങ്ങും ജനകോടികൾക്ക്, ആശയും ആവേശവും, പ്രത്യാശയും സന്തോഷവും സ്വസ്ഥതയും നൽകുന്ന മാർഗമാണ്'പെന്തകോസ്ത് മാർഗ്ഗം ' മനുഷ്യവർഗ്ഗത്തിനു വേണ്ടിയുള്ള ദൈവത്തിന്റെ ആദ്യന്തിക വെളിപാടാണ് ഈ മാർഗ്ഗം എന്ന് പറയാം.

കാരണം സകല ജാതി, മത, വർഗ്ഗ, വർണ്ണങ്ങളിൽ നിന്നുമുള്ള ഉള്ള ആളുകൾ തങ്ങളുടെ സത്യാന്വേഷണ ങ്ങളുടെ അവസാനമായി എത്തിനിൽക്കുന്നത് ഈ മാർഗത്തിൽ ആണ് എന്ന് നാം മറക്കരുത്. അവരെല്ലാവരും മണ്ടന്മാരും ദൈവ കൃപയിൽ നിന്ന് വീണു പോയ ചില നവീന ഉപദേശക്കർ മാത്രം മിടുക്കന്മാരും എന്ന് ആരും കരുതരുത്.

ആഗോളവ്യാപകമായി കത്തോലിക്ക സഭയും പിന്നിലാക്കി കൊണ്ട് പെന്തകോസ്ത് സഭകൾ ലോകവ്യാപകമായി വളരുന്നു.

പെന്തക്കോസ്ത് ഉപദേശങ്ങൾ കാലഹരണപ്പെട്ടു എന്നും ഇത് അധികം താമസിയാതെ ഇല്ലാതെയാകും എന്നും ചില ലെഗിയോൺ ബാധിതർ പറയുന്നത്. അത് പിശാചിന്റെ ആഗ്രഹമായതിനാൽ ആണ്.

ഈ മാർഗവും ജീവിതരീതിയും കർത്താവിന്റെ വരവോളം ഇവിടെ നിലനിൽക്കും.

ജീവിതമാതൃക ഇല്ലായ്മയും ഉപദേശ ഐകൃതയില്ലായ്മയും എല്ലായിടത്തും എന്ന പോലെ ഇതിനകത്ത് വന്നിട്ടു ണ്ടെന്നതും ശരിയാണ് . അതിനു പരിഹാരം തേടേണ്ടത് അത്യാവശ്യമാണ്

എന്നാൽ ഈ ഉപദേശ സത്യങ്ങൾ അറിഞ്ഞിട്ടും പിന്മാറി പോയവരെ കഴിവതും ഒഴിവാക്കുക അവരുമായി ചർച്ചകൾ ചെയ്തു സന്ധിസംഭാഷണം നടത്തിയും അവരെ എന്തോ വലിയ സംഭവം ആക്കി മാറ്റാൻ ആരും ശ്രമിക്കേണ്ട.

**കാരണം**

ആദ്യ നൂറ്റാണ്ടുമുതൽ ഇത്തരം ആളുകൾ സഭയിലുണ്ടായിരുന്നു . അവരെ അവരുടെ വഴിക്ക് വിട്ട് സത്യം അറിയുവാൻ ആഗ്രഹിക്കുന്നവരും, ഇതുവരെ ഈ സത്യത്തെ അറിയാതെ ഇതിനെ വിമർശിക്കുന്നവരും ആയ ആളുകളുമായി സ്നേഹ സംവാദമോ, ചർച്ചയോ പങ്കുവയ്ക്കൽ ഒക്കെ നടത്തുക. അതിൽ നമുക്ക് എന്തെങ്കിലും പ്രതീക്ഷയെങ്കിലും ഉണ്ട്.

പിന്നെ ആരെങ്കിലും ഇവരുടെ കൂടെ പോകുന്നു എങ്കിൽ അവരും പോയ്കൊള്ളട്ടെ കാരണം സത്യവചനം അറിഞ്ഞവർ ആരും പോകില്ല ദൈവവചനം പിൻപറ്റുന്നവർ മറ്റാരെങ്കിലും പറഞ്ഞത് കൊണ്ടല്ല ശമരിയ സ്ത്രീയോട് ശമരിയക്കർ പറഞ്ഞതുപോലെ 'ഇനി നിന്റെ വാക്കു കൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നത് ഞങ്ങൾ തന്നെ കേൾക്കുകയും അവൻ സാക്ഷാൽ ലോകരക്ഷിതാവ് എന്ന് അറിയുകയും ചെയ്തത് കൊണ്ട് അത്രേ. യോഹന്നാൻ 4:43

മുൻ പറഞ്ഞവർ 'സത്യം വിട്ട് വഴിതെറ്റിയവരും നേരിന്റെ മാർഗ്ഗം വിട്ടുപോയവരും ആണ് 'വേദപുസ്തക ഭാഷയിൽ അവർ അധികം മുഴുക്കുകയില്ല.

നരകം ഇല്ലെന്നും ന്യായവിധി ഇല്ല എന്നും സ്നേഹവാനായ ദൈവം മനുഷ്യനെ നിത്യനാശത്തിൽ വിടുകയില്ല എന്നുമൊക്കെയുള്ള ഉപദേശം ഇന്നും ഇന്നലെയും തുടങ്ങിയതല്ല ഇതൊക്കെ പണ്ടേ ചിലർ പഠിപ്പിക്കുന്നുതാണ്. എന്നാൽ നരകം ഉണ്ടെന്നും ന്യായവിധി ഉണ്ടെന്നും വ്യക്തമായും ശക്തമായും പറഞ്ഞത് ഭോഷ്ക്ക് പറയാത്തവനും അതിനു ആവശ്യമില്ലാത്തതുമായ യേശു കർത്താവാണ്

1.നിത്യ ദണ്ഡനം (Everlasting Punishment ) മത്തായി 25:46

2.നിത്യ ശിക്ഷ (everlasting damination) മർക്കോസ് 3:29

3 അഗ്നി നരകം (Hell Hirey ) മത്തായി 5:22

4. നിത്യ അഗ്നി (Everlasting Fire ) മത്തായി 25:41

5. തീയും ഗന്ധകവും കത്തുന്ന തീ പൊയ്ക( Lake of fire and barsmith) മത്തായി 21:8

6.ഏറ്റവും പുറത്തുള്ള ഇരുട്ട് (outerdarkness) മത്തായി 8:12

7. തീ പൊയ്ക( Lake of fire) വെളിപ്പാട് 20:14

ഇത് നിഷേധിക്കുന്നവർ ഏതു ഗോസ്പൽക്കാർ ആയാലും യേശു കർത്താവിനെ ആണ് അവർ നിഷേധിക്കുന്നത് നിത്യ നരകം ഇവർക്കുള്ള ഓഹരി കൂടെയാണ്.

ഇവിടെയെല്ലാം എല്ലാം everlasting, for ever എന്നത് ശ്രദ്ധിക്കുക. എന്നേക്കുമുള്ള, നിത്യമായ ശിക്ഷയാണ് ആണ് യേശുവിനെ കൈക്കൊള്ളാതെ അവന്റെ രക്ഷണ്യ പ്രവർത്തിയെ നിരസിക്കുന്നവർക്കായി ദൈവം കൊടുത്തിട്ടുള്ളത്

മാനവ ജാതിക്കു വേണ്ടിയുള്ള ദൈവത്തിൻറെ രക്ഷാപദ്ധതി വലുതായത് കൊണ്ടാണ് ശിക്ഷാ പദ്ധതിയും വലുതായത്. എബ്രായർ 2:3,4 കർത്താവു താൻ പറഞ്ഞു തുടങ്ങിയതും ദൈവം അടയാളങ്ങളാലും അത്ഭുതങ്ങളാലും വിവിധവീര്യപ്രവൃത്തികളാലും തന്റെ ഇഷ്ടപ്രകാരം പരിശുദ്ധാത്മാവിനെനല്കിക്കൊണ്ടും സാക്ഷി നിന്നതും കേട്ടവർ

നമുക്കു ഉറപ്പിച്ചുതന്നതുമായ ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ എങ്ങനെ തെറ്റി ഒഴിയും?

എബ്രായർ 9:27 ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ

റോമർ 14:12 ആകയാൽ നമ്മിൽ ഓരോരുത്തൻ ദൈവത്തോടു കണക്കു ബോധിപ്പിക്കേണ്ടിവരും.

ഇങ്ങനെനിരവധി അനവധി വാക്യങ്ങൾ ന്യായവിധി ഉണ്ട് എന്നും നരകം സത്യമാണെന്നും വ്യക്തമാക്കുമ്പോൾ അതിനെനിഷേധിക്കുന്നവരിൽ വ്യാപരിക്കുന്നത് ഭോഷികിന്റെ ആത്മാവാണെന്ന് നാം തിരിച്ചറിയണം.

വിശുദ്ധപത്രോസ് അപ്പോസ്തോലൻ പറഞ്ഞതുപോലെ സ്ഥിരത

പേജ് 7 ൽ തുടരും....

# ആത്മീയ ആരാധന

## (റോമർ 12: 1 – 2)




പാസ്റ്റർ പി. ജെ. ഡാനിയേൽ
തിരുവനന്തപുരം




**എന്നാൽ നാം പൂർണ്ണമായ് അർപ്പിക്കപ്പെടുമ്പോൾ ചാരമായിത്തീരുന്നു. ഒന്നും അവശേഷിക്കുന്നില്ല. അതാണ് ദൈവത്തിന് പ്രസാദമുള്ള ആരാധന.**

റോമ ലേഖനത്തെ മുഖ്യമായി രണ്ടായി തിരിക്കാം. 1 മുതൽ 11 വരെ സൈദ്ധാന്തികം അഥവാ ഉപദേശപരം.12 മുതൽ 16 വരെ പ്രായോഗികം അഥവാ ജീവിതം. ഇവ രണ്ടും ഒരേ നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ഇവയെ രണ്ടായി കാണുവാൻ കഴികയില്ല. ഉപദേശമില്ലാത്ത ജീവിതം വ്യർത്ഥമാണ്. അതു പോലെ തന്നെ ജീവിതമില്ലാത്ത ഉപദേശവും അർത്ഥശൂന്യമാണ്. ഇന്നത്തെ ആധുനിക പെന്തെക്കോസ്തു ലോകത്തിന് നല്ല പത്ഥ്യോപദേശമുണ്ട്, പക്ഷേ ദുഃഖമെന്ന് പറയട്ടെ ജീവിതമില്ല. അനുഗ്രഹം വാങ്ങാൻ അന്ധനായ യിസഹാക്കിന്റെ അടുക്കൽ വന്ന യാക്കോബിനോട് യിസഹാക്ക് പറഞ്ഞതു പോലെ, ശബ്ദം യാക്കോബിന്റേതാണ്, അഥവാ നല്ല ഉപദേശമാണ്. പക്ഷേ, കൈ ഏശാവിന്റേതാണ്, അഥവാ പ്രവർത്തി ഏശാവിന്റേതാണ്. ഉപദേശത്തിന് അനുസരിച്ചുള്ള പ്രവർത്തി ഇല്ല.

പന്ത്രണ്ടാം അദ്ധ്യായം ഒന്നും രണ്ടും വാക്യങ്ങൾ ആരാധനയോടുള്ള ബന്ധത്തിൽ കാതലായ രണ്ടു വാക്യങ്ങളാണ്. എന്താണ് ആരാധനയെന്ന് പ്രസ്തുത വേദഭാഗം വ്യക്തമായി നിർവ്വചിക്കുന്നു. ഇത് രണ്ട് മണിക്കൂറിൽ ഒതുങ്ങുന്ന ഒരു പ്രക്രിയയല്ല, മറിച്ച് ജീവിതാന്ത്യം വരെയുള്ള ഒരു ശാരീരിക അർപ്പണമാണ്.

പ്രസ്തുതത വേദഭാഗത്ത് നിന്നും മൂന്ന് പ്രത്യേക വിഷയങ്ങളാണ് എടുത്തു കാട്ടുവാൻ ആഗ്രഹിക്കുന്നത്.
1) ഈ ലോകത്തിന് അനുരൂപരാകരുത്. 2) മനസ്സു പുതുക്കി രൂപാന്തരപ്പെടുക. 3) ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുക

1. ഈ ലോകത്തിന് അനുരൂപരാകരുത് (Do not conform to this world)

ലോകം എന്ന പദത്തെ തിരുവെഴുത്തുകളിൽ വിവിധ നിലകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ കാണുന്ന പ്രഞ്ചത്തെ ലോകമെന്നാണ് ചൂണ്ടിക്കാണിക്കുന്നത്. നാം അധിവസിക്കുന്ന ഭൂമിക്ക് ലോകം എന്ന് വിവക്ഷിച്ചിട്ടുണ്ട്. ഈ ഭൂമിയിൽ അധിവസിക്കുന്ന ജനതതിയെ ലോകം എന്ന സംജ്ഞകൊണ്ടാണ് വെളിപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ലോക ഇമ്പങ്ങൾക്കും ലോകം എന്നു തന്നെയാണ് തിരു വചനം വെളിപ്പെടുത്തിയിരിക്കുന്നത്. പ്രകൃത ഭാഗത്തെ ലോകം എന്ന പദം കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത് ലോക ഇമ്പങ്ങൾ എന്നു തന്നെയാണ്. നാം ലോക ഇമ്പങ്ങളോട് അനുരൂപരാകരുത് എന്ന് സ്പഷ്ടം.

അനുരൂപരാകരുത് എന്നതിന്റെ ഗ്രീക്ക് പദം "Suscha matizo" എന്നാണ്. സാഹചര്യങ്ങൾക്കനുരിച്ച് നിറം മാറരുത് എന്ന ഒരു അർത്ഥം ഇതിനു്. ഓന്ത് നിറം മാറുന്നതു പോലെ ഒരു വിശ്വാസി സാഹചര്യങ്ങൾക്കനുസരിച്ച് നിറം മാറരുത്. നാം കേട്ടിട്ടുള്ള പഴമൊഴി പോലെ 'റോമിൽ ചെല്ലുമ്പോൾ റോമരെ പോലെ ആകരുത്'. നമ്മുടെയിടയിലുള്ള ഒരു നാടൻ പഴമൊഴിയാണല്ലോ ' ചേരയെ തിന്നുന്ന നാട്ടിൽ ചെല്ലുമ്പോൾ ചേരയുടെ നടു ഖണ്ഡം ഭക്ഷിക്കരുത്.' 'ഒഴുക്കിനൊത്ത് നീന്തരുത് എന്നീ പഴമൊഴികൾ പ്രസ്തുത ഉപദേശം എന്താണെന്ന് വെളിപ്പെടുത്തുന്നു. ഒരു ദൈവ പൈതൽ എവിടെ ചെന്നാലും താൻ ആരാണെന്ന ബോധത്തിൽ ജീവിക്കണം. ബാബിലോണിലെ രാജകൊട്ടാരത്തിലായിരുന്ന യഹൂദ ബാലന്മാർ പ്രമാണമനുസരിച്ച് ജീവിച്ചതു പോലെ നാം അമേരിക്കയിലായിരുന്നാലും ഇൻഡ്യയിലായിരുന്നാലും പ്രമാണം വിട്ട് ജീവിക്കരുത്.

നാം വിശുദ്ധരാണ്. വിശുദ്ധി എന്ന പദത്തിന്റെ ഗ്രീക്ക് വാക്ക് "Hagios" എന്നാണ്. ഇതിന്റെ അർത്ഥം സാധാരണയിൽ നിന്ന് വ്യത്യസ്തം എന്നാണ്. ദൈവ വചനപ്രകാരം വിശുദ്ധി എന്നതിന്റെ വിപരീതം 'സാധാരണം' എന്നാണ്. (യെഹെസ്ക്കേൽ 44: 23; 1 ശാമുവേൽ 21: 4) ഒരു വിശ്വാസി സാധാരണക്കാരിൽ നിന്നും വ്യത്യസ്തനായിരിക്കണം. എന്റെ ചെറുപ്പ കാലത്ത് സ്കൂൾ വാർഷീകത്തിന് എല്ലാവർക്കും സമ്മാനം ലഭിക്കാറുണ്ട്. അക്കാലത്ത് സാധാരണയായി എല്ലാവർക്കും കിട്ടുന്ന സമ്മാനം ഗ്ലാസ്സുകളാണ്. ഒരിക്കൽ സമ്മാനം നൽകാനായി ഗ്ലാസ്സുകൾ കൊണ്ടു വന്നപ്പോൾ ഞങ്ങളുടെ പാസ്റ്റർ പ്രസ്തുത ഗ്ലാസ്സുകളിൽ നിന്ന് രണ്ടെണ്ണം മാറ്റിവച്ചു. അന്ന് ഞങ്ങൾക്ക് കിട്ടിയ ഗ്ലാസ്സിൽ ചക്കര കാപ്പി കുടിച്ചു. വീട്ടിൽ വന്നപ്പോൾ അതിൽ ചായ കുടിച്ചു. കഞ്ഞി വെള്ളം കുടിച്ചു, എന്നു വേണ്ട, ഞങ്ങൾക്കിഷ്ടമുള്ളതെല്ലാം അതിൽ കുടിച്ചു. അടുത്ത ആഴ്ച സഭായോഗത്തിന് വന്നപ്പോൾ പാസ്റ്റർ മാറ്റി വച്ച ഗ്ലാസ്സ് പാനപാത്രം പകർന്നു കൊടുക്കാനായി ഉപയോഗിച്ചു. പ്രസ്തുത ഗ്ലാസ്സിൽ അദ്ദേഹം ചായ കുടിച്ചില്ല, മറ്റൊരാവശ്യത്തിനും അത് ഉപയോഗിച്ചില്ല. എന്തിന് വേണ്ടി അത് വേർതിരിച്ചുവോ അതിന് മാത്രം അത് ഉപയോഗിച്ചു. അതിന്റെ വിലയും, നിറവും, ആകൃതിയും ഞങ്ങൾ കിട്ടിയ ഗ്ലാസ്സിന്റേത് തന്നെയായിരുന്നാലും അത് വേറുതിരിച്ച് വെച്ച ഉദ്ദേശത്തിന് മാത്രം ഉപയോഗിച്ചു. ഈ ലോകത്തിൽ നാം മറ്റുള്ളവരെ പോലെയാണെങ്കിലും ഒരു പ്രത്യേക ഉദ്ദേശത്തിന് വേണ്ടി ദൈവം നമ്മെ വേർതിരിച്ചിരിക്കയാണ്. നാം സാധാരണക്കാരിൽ നിന്നും വേർതിരിക്കപ്പെട്ടിരിക്കയാണ്. അതു കൊണ്ട് നാം ഈ ലോകത്തിന് അനുരൂപരാകരുത്.

2. മനസ്സു പുതുക്കി രൂപാന്തരപ്പെടണം (Transform your mind)

നമുക്കൊരു രൂപാന്തരം ആവശ്യമാണ്. നമ്മുടെ പരിചയം കൊണ്ട് പലതും ചെയ്യുവാൻ കഴിയും. പക്ഷേ അത് രൂപാന്തരമല്ല. പരിചയിച്ചാൽ പാടാൻ കഴിയും. പരിചയിച്ചാൽ പ്രസംഗിപ്പാൻ കഴിയും. പരിചയിച്ചാൽ പ്രവചിക്കുവാൻ കഴിയും. അതൊന്നും മനസ്സിന്റെ രൂപാന്തരം കൊണ്ടാകണമെന്നില്ല. പണ്ടൊരു സന്യാസിക്ക് വിളക്ക് പിടിക്കുന്ന ഒരു പൂച്ചയുണ്ടായിരുന്നു. നിരന്തരമായ പരിശ്രമം കൊണ്ടും പരിശീലനം കൊണ്ടും അദ്ദേഹം പൂച്ചയെ വിളക്ക് പിടിക്കുവാൻ പഠിപ്പിച്ചു. അനേകർക്ക് അതൊരത്ഭുതമായിരുന്നു. ഒരു ദിവസം തന്റെ സ്നേഹിതനായ ഒരു സന്യാസിക്ക് ഇത് കാണുവാൻ താത്പര്യമുണ്ടായി സന്യാസിയുടെ അടുക്കൽ എത്തി. പതിവു പോലെ സന്യാസി തന്റെ വിശുദ്ധ ഗ്രന്ഥം എടുത്തു വച്ചു. വിളക്കും കത്തിച്ചു വച്ചു. തന്റെ അത്ഭുത സിദ്ധിയുള്ള പൂച്ചയെ അടുക്കൽ വിളിച്ചു. അത്ഭുതമെന്ന് പറയട്ടെ, പൂച്ച വിളക്കെടുത്ത് കയ്യിൽ പിടിച്ചു. എല്ലാവരും അത്ഭുതപ്പെട്ട് സന്യാസിയേയും പൂച്ചയേയും പുകഴ്ത്തി. എന്നാൽ കൂട്ടുകാരൻ സന്യാസി തന്റെ പോക്കറ്റിൽ ഒരു ചുണ്ടെലിയെ കരുതിയിരുന്നു. ഈ സമയം അദ്ദേഹം ചുണ്ടെലിയെ പൂച്ചയുടെ മുന്നിലൂടെ ഇറക്കി വിട്ടു. തൽക്ഷണം പൂച്ച വിളക്കും വിട്ട് എലിയുടെ പിന്നാലെ പാഞ്ഞു. കാരണം അതിന്റെ അന്തർഭാഗത്ത് ഒരു മാറ്റവും വന്നില്ല. ഇന്ന് ധാരാളം വിശ്വാസികൾക്ക് പാടാൻ അറിയാം, പ്രസംഗിക്കാൻ അറിയാം. അന്യഭാഷ പറയും, പക്ഷേ മനസ്സിന് രൂപാന്തരം വന്നിട്ടില്ല.

രൂപാന്തരം എന്നതിന്റെ ഗ്രീക്ക് പദം "Metemorephose" എന്നാണ്. ഒരു ശലഭത്തിന്റെ ജീവിത ചക്രത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. ഒരു ശലഭത്തിന് വരുന്ന മാറ്റം പോലെ നമ്മുടെ ജീവിതത്തിലും സ്ഥായിയായ ഒരു രൂപാന്തര ആവശ്യമാണ്. ശലഭത്തിന്റെ ജീവിതത്തിൽ ആദ്യം മുട്ട, പുഴു, പ്യൂപ്പ, അന്തിമമായി ശലഭം. അതുപാലെ നമുക്ക് ആദ്യം ജഡപ്രകാരമുള്ള ജനനം. മുട്ട വിരിയുന്നതു പോലെ നമ്മിൽ ഒരു വീണ്ടും ജനനം. പിന്നെ പ്യൂപ്പദശ. അവിടെ വലിയ ഒരു രൂപാന്തരം നടക്കുന്നു. ഒരു കൂട്ടിനുള്ളിൽ അടക്കപ്പെടുന്നു. അതിന്റെ ഇരുൾ മൂടിയ ഉള്ളറയിൽ ചില ദിവസങ്ങൾ ഉള്ളിൽഅതിന് ചില രൂപാന്തരമുണ്ടാകുന്നു. തുടർന്ന് കൂടു പൊട്ടിച്ച് വർണ്ണശബളമാർന്ന ശലഭം പുറത്തു വരുന്നു. വെറും പുഴുവായിരുന്ന ഈ ജീവി കൂട് പൊട്ടിച്ച് പുറത്തു വരുമ്പോൾ പഴയതുമായി യാതൊരു ബന്ധവുമില്ലാത്ത പുതുപുത്തൻ ജീവിയായി പുറത്ത് വരുന്നു. നേരത്തെ അതു ഇലയും ചാണകവുമെല്ലാം ഭുജിച്ചിരുന്നു എന്നാൽ രൂപാന്തരം വന്നപ്പോൾ പുവിന്റെ മധു മാത്രം നുകരുന്നു. അതേ പോലെ ക്രിസ്തീയ ജീവിതത്തിലും ഒരു രൂപാന്തരം ആവശ്യമാണ്. നാം പലപ്പോഴും പ്യൂപ്പ ദശയിലായിരിക്കുന്നത് നമ്മെ നശിപ്പിക്കാനല്ല, മറിച്ച് ഒരു രൂപാന്തരം വരുത്തുവാനാണ്. നാം ഒറ്റപ്പെടുന്നത് നമ്മെ പണിയുവാനാണ്. ചൂടേറിയതും ഇരുൾ മൂടിയതുമായ അനുഭവത്തിലൂടെ നമ്മെ കൊണ്ടു പോകുന്നത് നമ്മെ ഒരു ഉറപ്പുടിയായി, പൊന്നുപേലെ പുറത്തു കൊണ്ടു വരുവാനാണ്. അതേ! നമുക്ക് ഒരു രൂപാന്തരം ആവശ്യമാണ്.


3. ശരീരങ്ങളെ ജീവനുള്ള യാഗമായി സമർപ്പിക്കുക (Offer your body as a living sacrifice)

പൗലൊസിന്റെ ചിന്തയിൽ ലേവ്യപുസ്തകത്തിലെ ഹോമയാഗത്തെക്കുറിച്ചുള്ള ചിത്രമാണ് ഇവിടെ ഉരുത്തിരിഞ്ഞിരിക്കുന്നത്. ഒരു മൃഗത്തെ ഹോമയാഗമായി അർപ്പിക്കുന്ന ഒരു ചിത്രമാണ് ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നത്. ഒരു ആരാധകൻ യാതൊരു ഊനവുമില്ലാത്ത ഒരു കാളയെ യാഗമായി അർപ്പിക്കുവാൻ കൊണ്ടു വരുന്നു. അതിനെ യാഗ പീഠത്തിന്റെ കൊമ്പിനോട് ചേർത്തു ബന്ധിക്കുന്നു. പുരോഹിതൻ അതിനെ അറുക്കുന്നു. അതിന്റെ തോല് ഉരിക്കുന്നു. തോല് ഉരിഞ്ഞാൽ അത് വെള്ളക്കാളയാണോ, പുള്ളിക്കളയാണോ, കോളക്കാളയോ, മൈലക്കാളയാണോ എന്ന് ആർക്കും തിരിച്ചറിയുവാൻ കഴിയുന്നില്ല. അതിനെ കഷണം കഷണമായി നുറുക്കുന്നു. യാഗപീഠത്തിൽ അടുക്കുന്നു, യാഗാഗ്നിയാൽ അത് വെന്തെരിയുന്നു. വെറും ചാരമായി അവശേഷിക്കുന്നു. ഇതാണ് രൂപാന്തരം. ഇതാണ് സമർപ്പണം. നാം ഇല്ലാതെയായിത്തീരണം. മറ്റൊന്നായി രൂപാന്തരപ്പെടണം.

നാം ദൈവസന്നിധിയിൽ ദിനന്തോറും മരിക്കണം. തോല് ഉരിക്കണം നമ്മെ വിശേഷിപ്പിക്കുന്നതും മനോഹരമാക്കുന്നതും ഉരിഞ്ഞു കളയണം. ജഡത്തെ അതിന്റെ രാഗമോഹങ്ങളോട് ഉരിഞ്ഞു കളയണം, (ഗലാത്യർ 5: 24) ചിലർ പൂർണ്ണമായി തോല് ഉരിഞ്ഞു കളകയില്ല. അല്പം വാലിൽ അവശേഷിപ്പിക്കും. വടക്കേ ഇൻഡ്യയിൽ മട്ടൻ വാങ്ങാൻ പോയാൽ ചെമ്മരിയാടാണോ കോലാടാണോ എന്നറിയാൻ വാലിന്റെ അറ്റത്ത് അല്പം രോമം ശേഷിപ്പിച്ചിരിക്കും. വിൽപ്പനക്കാരൻ വാല് പൊക്കിക്കാണിക്കും. ഇന്നും ഇതേപേലെ ചിലർ സന്ദർഭം വരുമ്പോൾ വാലു പൊക്കാറുണ്ട്. എന്നാൽ നാം പൂർണ്ണമായ് അർപ്പിക്കപ്പെടുമ്പോൾ ചാരമായിത്തീരുന്നു. ഒന്നും അവശേഷിക്കുന്നില്ല. അതാണ് ദൈവത്തിന് പ്രസാദമുള്ള ആരാധന.

പുതിയ നിയമത്തിൽ നമ്മുടെ ശരീരങ്ങളെ ജീവനുള്ള യാഗമായി അർപ്പിക്കേണമെന്നു കാണുന്നു. അതെങ്ങനെ സാധിക്കും? നമ്മുടെ അവയവങ്ങൾ ഒരോന്നും ദൈവ പ്രസാദമായ

പേജ് 2 ൽ തുടരും....



**പേരോ, സ്ഥാനമോ, അംഗീകാരമോ, ലൗകികമാകുന്ന ഒരു കാര്യത്തിനും പോകാതെ കർത്താവിനെ യഥാർത്ഥമായി പിൻപറ്റിയ അന്ത്രയോസ് ആത്മാക്കളെ നേടുന്നതിൽ ഉത്സാഹിയും താത്പ്പര്യമുള്ളവനുമായിരുന്നു. ഇങ്ങനെയുള്ള ക്രിസ്തു ശിഷ്യന്മാരെയാണ് നമുക്ക് ആവശ്യം. അന്ത്രയോസിനെപ്പോലെ ആത്മാക്കളെ ആഗ്രഹിക്കാം.**



റവ. എഡിസൺ തോമസ്

# ആത്മാക്കളെ ആഗ്രഹിക്കുന്ന അന്ത്രയോസ്

യേശുക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരെക്കുറിച്ച് പഠിക്കുമ്പോൾ ഗഹനമായി പഠിക്കുമ്പോൾ ഇവരെ രണ്ടായി തിരിക്കാം. ബാഹ്യവൃത്തത്തിൽപെട്ടവരും ഉൾവൃത്തത്തിൽപെട്ടവരും. പത്രൊസും യോഹന്നാനും, യാക്കോബും ഉൾവൃത്തത്തിൽപ്പെട്ടവർ ആയിരുന്നു. ബാക്കിയുള്ളവർ ബാഹ്യവൃത്തത്തിൽപ്പെട്ടവർ ആയിരുന്നെങ്കിലും അവരിൽ ശക്തമായ നേതൃത്വവും ശുശ്രൂഷയും പ്രത്യേകിച്ച് പ്രേക്ഷിതപ്രവർത്തനത്തിന് ഉത്തമമാതൃകയുമാണ് ശിഷ്യനായ അന്ത്രയോസ്. സാധാരണ പന്ത്രണ്ട് ശ്ലീഹന്മാർ എന്ന് പറയാറുണ്ട്. ശ്ലീഹ എന്നത് സുറിയാനി പദവും അർത്ഥം അയക്കപ്പെട്ടവർ എന്നുമാണ്. മനോഹരമായ ഗലീല പ്രവിശ്യ പച്ചകുന്നുകളാലും മലമടക്കുകളാലും തലയുയർത്തി നിൽക്കുന്നു. ഈ സ്ഥലം എന്ത്കൊണ്ടായാലും അതിനെ മനോഹരമാക്കുന്നത് യിസ്രയേലിലെ ഏക ശുദ്ധജല താടകം എന്നറിയപ്പെടുന്ന ഗലീല തടാകം ഉള്ളതിനാലാണ്. ഇതിനെ മറ്റ് ചില പേരുകളിലും അറിയപ്പെടുന്നു. അവിടെ ബെദ്സെയിദ എന്നറിയപ്പെടുന്ന സുന്ദരമായ ഗ്രാമം, ആ ഗ്രാമത്തിൽ യോനയുടെ മൂത്തപുത്രനായി അന്ത്രയോസ് ജനിച്ചു. മാനുഷികം എന്നർത്ഥം വരുന്ന പേരാണ് അന്ത്രയോസ് എന്നുള്ളത്. സാമ്പത്തികമായി നല്ല നിലവാരം പുലർത്തിയുരുന്നു, കാരണം സ്വന്തമായി വലയും വള്ളവും ഉണ്ടായിരുന്നു. മത്സ്യബന്ധനമായിരുന്നു ഇവരുടെ കുലതൊഴിൽ. പിതാവിനെയും സഹോദരനായ പത്രൊസിനെയും അന്ത്രയോസ് ജോലിയിൽ സഹായിച്ചിരുന്നു. ഇവരുടെ കുടുംബസുഹൃത്തുക്കളായിരുന്നു സെബദിയും കുടുംബവും കൂടാതെ ബിസിനസ്സിൽ പങ്കാളികളുമായിരുന്നു.

അന്ത്രയോസ് യോഹന്നാൻ സ്നാപകന്റെ ശിഷ്യനായിരുന്നു. ഒരിക്കൽ യോഹന്നാൻ സ്നാപകനുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അതു വഴിയായി കടന്നുവന്ന കർത്താവായ യേശുക്രിസ്തുവിനെ കണ്ടുകൊണ്ട് യോഹന്നാൻ സ്നാപകൻ പറഞ്ഞു ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. യോഹന്നാൻ 1:29. പ്രസ്തുത പ്രസ്താവനകേട്ടിട്ട് അന്ത്രയോസും മറ്റൊരു ശിഷ്യനും യേശുവിന്റെ പിന്നാലെ പോയതായി യോഹന്നാന്റെ സുവിശേഷത്തിൽ വായിക്കുന്നു. എന്നാൽ മറ്റ് ചിലർ പറയുന്നത് യോഹന്നാന്റെ മരണത്തിന് ശേഷമാണ് യേശുക്രിസ്തുവിന്റെ ശിഷ്യനായി അന്ത്രയോസ് മാറിയത് അന്ത്രയോസിനെയും പത്രൊസിനെയും കുറിച്ച് ഒരു താരതമ്യ പഠനം ചെയ്താൽ വലിയ വ്യത്യാസം ഇവരിൽ രണ്ടുപേരിലും കാണാം. പത്രൊസ് വലിയ മുൻകോപിയും എടുത്തുചാട്ടക്കാരനും വലിയ ജിജ്ഞാസയും ഉള്ളവനായിരുന്നു. എന്നാൽ അന്ത്രയോസ് നിർമ്മലനും ലജ്ഞാശീലനും മററുള്ളവരെ പരിചയപ്പെടുന്നവനുമായിരുന്നു. ചിലർ പറയുന്നത് അവിവാഹിതനും പ്രായകൂടുതൽ ഉള്ളവനുമായിരുന്നു. പ്രായത്തിന്റെ പക്വത അവന്റെ സംസാരത്തിലും സ്വഭാവത്തിലും പെരുമാറ്റത്തിലും പ്രതിഫലിച്ചിരുന്നു. വഞ്ചകനായ യൂദാസിനോടുപോലും വളരെ സൗമ്യമായിട്ടേ അന്ത്രയോസ് പെരുമാറിയിരുന്നുള്ളു. വളരെ ഒതുങ്ങി ജീവിച്ചിരുന്ന ഇദ്ദേഹം ആവശ്യക്കാരെ കണ്ടുപിടിച്ച് യേശുവിന്റെ അടുക്കൽ കൊണ്ടുവരുമായിരുന്നു അതിന് ഉദാഹരണങ്ങളാണ് തന്റെ സഹോദരനായ പത്രൊസിനെ യേശുവിന്റെ അരികിലേക്ക് കൊണ്ട് വന്നത്. യോഹ. 1: 41-42. കർത്താവ് അവനെ കണ്ടപ്പോൾ തന്നെ അവൻ അരുടെ മകനെന്നും അവനെ എങ്ങനെ ആക്കും എന്നും യേശു അവനെ നോക്കി പറഞ്ഞു. രണ്ടാമത്തെ സന്ദർഭം യേശുവിന്റെ പരസ്യശുശ്രൂഷയിൽ കടന്ന് വന്ന വലിയ ജനക്കൂട്ടം. അവർക്ക് ആഹാരം കൊടുക്കുവാൻ ശിഷ്യന്മാരോട് പറഞ്ഞപ്പോൾ ശിഷ്യേന്മാരുടെ ഇടയിൽ വലിയ സംസാരം ഉണ്ടായി എന്തു ചെയ്യും എങ്ങനെ ആ വിഷയം കൈകാര്യം ചെയ്യും. ചിലർ കണക്കുകൂട്ടുവാൻ തുടങ്ങി. ചിലർ ചില നിർദ്ദേശങ്ങൾ നൽകുവാൻ തുടങ്ങി, അപ്പോൾ അന്ത്രയോസ് പറഞ്ഞു ഇവിടെ ഒരു ബാലൻ ഉണ്ട്, അവന്റെ കൈയിൽ അഞ്ചപ്പവും രണ്ടു മീനും ഉണ്ട് എന്നുള്ളത് കർത്താവിനെഅറിയിച്ചു. അപ്പോൾ അന്ത്രയോസ് ഈ ബാലകനെ എങ്ങനെ തിരിച്ചറിഞ്ഞു. അവന്റെ കൈയ്യിലെ പൊതിയിൽ അഞ്ചപ്പവും രണ്ട് മീനും എന്നുള്ളത് എങ്ങനെ മനസ്സിലാക്കി എന്നുള്ള ചോദ്യം ഇന്നും ശേഷിച്ചിരിക്കുകയാണ്. എന്തായാലും അന്ത്രയോസ് ആ ബാലകന്റെ കൈയിൽ ഉണ്ടായിരുന്ന ആ പൊതി യേശുകർത്താവിന്റെ അരികിലേക്ക് കൊണ്ടുവന്നു, കർത്താവ് വാഴ്ത്തി അനുഗ്രഹിച്ചു വിഭജിച്ചു നൽകി. അന്ത്രയോസ് മറ്റുള്ളവരിലെ കഴിവുകൾ കണ്ടെത്തുവാനും സാധ്യതകൾ മനസ്സിലാക്കുവാനും മിടുക്കനായ ഒരു വ്യക്തിയായിരുന്നു. കൂടാതെ മറ്റുള്ളവരുടെ ഉയർച്ചയും നന്മയും താൻ പ്രതീക്ഷിച്ചിരുന്നു. അതിൽ അസൂയയുള്ള വ്യക്തിയല്ലായിരുന്നു. അന്ത്രയോസ് ചെയ്ത മറ്റൊരു കാര്യം യേശുവിന്റെ പരസ്യശുശ്രൂഷയുടെ ഒടുവിലത്തെ നാളുകൾ സമാപിച്ചപ്പോൾ യേശുവിനെകാണാൻ പെരുന്നാൾ ദിവസം ഗ്രീക്കുകാർ വന്നപ്പോൾ ഗ്രീക്കുകാർ ഫിലിപ്പോസിനെ സമീപിച്ചു. എന്നാൽ ഫിലിപ്പോസ് അന്ത്രയോസിന്റെ അരികിലേക്ക് അയച്ചു. അങ്ങനെ അന്ത്രയോസ് അവരെ യേശുവിന്റെ സമീപത്തേക്ക് കൊണ്ടുവരികയും ചെയ്തു.

അന്ത്രയോസിനെപ്പറ്റി ബൈബിൾ കൂടാതെ മറ്റുചില കാര്യങ്ങൾകൂടി സഭാചരിത്രത്തിൽ നിന്നും കിട്ടുന്നുണ്ട്. ഗലീലയുടെ അടുത്ത കൊറാസിൻ എന്ന പട്ടണത്തിൽ ഇന്നു ഈ പട്ടണം നിലനിൽക്കുന്നില്ല, മൂന്നാം നൂറ്റാണ്ടിൽ നടന്ന ഭൂകമ്പത്തിൽ ഈ പട്ടണം നാമാവശേഷമായി. സുന്ദരിയായ ഒരു വേശ്യ ഉണ്ടായിരുന്നു. കാലക്രമത്തിൽ അവൾ കുഷ്ഠരോഗിയായി. വിജനമായ സ്ഥലത്ത് അവൾ ഒളിവിൽ താമസിച്ചിരുന്നു. ഭക്ഷണം ലഭിക്കാതെയും ഉടുവസ്ത്രം ഇല്ലാതെയും കഴിഞ്ഞിരുന്ന അവൾക്ക് അന്ത്രയോസ് യേശുക്രിസ്തുവിൽ നിന്ന് പാപമോചനവും സൗഖ്യവും വാങ്ങിക്കൊടുത്തു. പിന്നിടുള്ള കാലം അവൾ വിശുദ്ധ ജീവിതം നയിച്ചു. അതുപോലെ ആഗ്ല എന്ന റോമൻ വേശ്യയെ കർത്താവിന്റെ സമീപത്തു കൊണ്ടു വന്നു നല്ലവളാക്കി മാറ്റിയെടുത്തു. വേറൊരു അവസരത്തിൽ വേറൊരു അവസരത്തിൽ ഒരു സത്രമുടമയുടെ പിശാച് ബാധിച്ച മകളെ തന്റെ ഗുരുവിൽ ഉറച്ച് വിശ്വാസിച്ചാൽ ബാധ മാറി കുട്ടിക്ക് സൗഖ്യം വരും എന്നു പറഞ്ഞു യേശു കർത്താവിന്റെ അടുക്കൽ കൊണ്ടു വന്നു സുഖപ്പെടുത്തി. ഇങ്ങനെപല സംഭവങ്ങളും അന്ത്രയോസിനോടുള്ള ബന്ധത്തിൽ ഉണ്ട്.

അന്ത്രയോസിനെക്കുറിച്ച് പഠിക്കുമ്പോൾ പലകാര്യങ്ങൾ എടുത്ത് പറയുവാൻ കഴിയും. താനൊരു വിശുദ്ധനായിരുന്നു. ആത്മാക്കളെ ക്രിസ്തുവിലേക്ക് നയിക്കുന്നവനായിരുന്നു. അപ്പോസ്തല പദവി ലഭിച്ചവനാണ്. ആളാപ്രതി സുവിശേഷീകരണത്തിനും ബാലസുവിശേഷികരണത്തിനും ഉത്തമ മാതൃകയാണ്. കൊച്ചുകുട്ടികളുടെ മനസ്സിനെപ്പോലും കീഴടക്കാൻ പ്രാപ്തിയും കഴിവും ഉള്ളവനായിരുന്നു.

അന്ത്രയോസിന്റെ ഒടുവിലത്തെ നാളുകളെക്കുറിച്ച് പല പാരമ്പര്യങ്ങളുണ്ട്. ഇതിൽ പ്രസിദ്ധമായ ഒന്നു രണ്ടെണ്ണം ഇവിടെ പറയുന്നു. ചരിത്രകാരനായ യൂസേബിയസ് രോഖപ്പെടുത്തുയിരിക്കുന്നത് സ്കിത്തിയയിൽ ദൈവവചനം ഘോഷിച്ചു എന്നും പിന്നീട് ഗ്രീസിലെ അഖായയിൽ ശുശ്രൂഷിച്ചുയെന്നും തുടർന്ന് കോൺസ്റ്റന്റിനോപ്പിളിൽ ഒരു സഭ സ്ഥാപിച്ചു എന്നും വിശ്വസിക്കുന്നു. എന്നാൽ പ്രസിദ്ധമായത് ഇതാണ് സുവിശേഷ പ്രചാരണാർത്ഥം ഗ്രീസിലെ അഖായയിൽ വന്നപ്പോൾ അവിടത്തെ പ്രോകൗൺസിലായിരുന്ന ഈജിയസ്സ് ജാതീയ ദേവന് യാഗം കഴിക്കണമെന്ന് നിർബന്ധിച്ചു, ഇതിൽ അപ്രീയതനായി തീർന്ന അപ്പോസ്തലനെ ചാട്ടവാറിന് അടിക്കുവാനും കുരിശിലേറ്റി തൂക്കുവാനും കല്പിച്ചു. പെട്ടെന്ന് മരിക്കാതിരിക്കാൻ ആണികളാൽ ക്രൂശിക്കാതെ കയറുകൊണ്ട് ക്രൂശോട് ചേർത്തു ബന്ധിച്ചു. രണ്ട് ദിവസത്തോളം ക്രൂശിൽ കിടന്ന് യാതന അനുഭവിക്കുമ്പോഴും പലരോടും സുവിശംഷം പറയുകയും കഷ്ടപ്പെടുന്നവർക്ക് ആശ്വാസ വാക്കുകളും നൽകി ധൈര്യപ്പെടുത്തി. അന്ത്രയോസിനെ കൊല്ലുവാനായി ഉപയോഗിട്ടത് "X" ആകൃതിയിലുള്ള ക്രൂശാണ്. പിൽക്കാലത്ത് ഈ രൂപത്തിലുള്ള ക്രൂശ് വിശുദ്ധ അന്ത്രയോസിന്റെ ക്രൂശ് എന്ന പേരിൽ അറിയപ്പെടുകയും ആരാധിക്കപ്പെടുവാനും തുടങ്ങി.

കത്തോലിക്ക സഭയുടെ പരമ്പര്യമനുസരിച്ച് കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ശിഷ്യന്മാർ പലസ്ഥലങ്ങളിലേക്കു പ്രേക്ഷിത പ്രവർത്തനത്തിനുവേണ്ടി പോയി അക്കൂട്ടത്തിൽ അന്ത്രയോസ് കപ്പഡോച്ചിയ, ഗലാത്യ, മാസിഡോണിയ, റഷ്യ എന്നിടങ്ങളിൽ ചുറ്റി നടന്ന് പ്രവർത്തിക്കുകയും ഒടുവിൽ അഖായയിൽ പാത്രാ എന്ന സ്ഥലത്ത് വച്ച് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുപ്പെടുകയും പിന്നീട് ഒരു ക്രൂശിൽ തറച്ചു കൊന്നുവെന്നും പറയുന്നു. കുരിശിൽ കിടന്ന് തന്റെ നാഥനെക്കുറിച്ച് മഹത്തായ പ്രസംഗം നടത്തിയെന്നുമാണ് കത്തോലിക്ക പാരമ്പര്യം പറയുന്നത്.

യേശുകിസ്തുവിന്റെ ശിഷ്യന്മാരിൽ ആദ്യമായി യേശുക്രിസ്തുവിനെകണ്ടെത്തുകയും മശിഹയായി അംഗീകരിക്കുകയും സ്വന്തസഹോദരനെ കണ്ടെത്തി കർത്താവിന്റെ അരികിലേക്ക് കൊണ്ട് വന്നവനാണ് അന്ത്രയോസ്. പേരോ, സ്ഥാനമോ, അംഗീകാരമോ, ലൗകികമാകുന്ന ഒരു കാര്യത്തിനും പോകാതെ കർത്താവിനെ യഥാർത്ഥമായി പിൻപറ്റിയ അന്ത്രയോസ് ആത്മാക്കളെ നേടുന്നതിൽ ഉത്സാഹിയും താത്പ്പര്യമുള്ളവനുമായിരുന്നു. ഇങ്ങനെയുള്ള ക്രിസ്തുശിഷ്യന്മാരെയാണ് നമുക്ക് ആവശ്യം. അന്ത്രയോസിനെപ്പോലെ ആത്മാക്കളെ ആഗ്രഹിക്കാം.

## പെന്തെകോസ്ത് സമൂഹത്തിനു പുതിയ പ്രതീക്ഷ; സ്നേഹ.

പേജ് 1 ന്റെ തുടർച്ച....

ശുശ്രൂഷകൻ പാസ്റ്റർ ടൈറ്റസ് മാത്യു സാക്ഷ്യപ്പെടുത്തുന്നു. കൊട്ടാരക്കര നെല്ലിക്കുന്നം കാർമൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർഥിനിയായ സ്നേഹ വിലങ്ങറ പാലവിള വടക്കേതിൽ സജി ജോർജ്ജിന്റെയും സോഫിയുടെയും മകളാണ്. ഷെറിൻ എസ്. സജി ഏക സഹോദരിയാണ്.

ഐപിസി പിടവൂർ സഭാംഗം ആശിഷ് ചെറിയാൻ സിവിൽ സർവീസ് റാങ്ക് നേടിയതിന്റെ തൊട്ടു പിന്നാലെയാണ് പെന്തകോസ്ത് സമൂഹത്തിനു പുതിയ പ്രതീക്ഷ നൽകുന്ന സ്നേഹയുടെ നേട്ടം. മാർ ബസേലിയോ സ് കോളേജ് വൈസ്പ്രിൻസിപ്പൽ ഡോ. വിശ്വനാഥ് റാവു, ബഥനി കോളേജ് ഡയറക്ടർ ഫാ. തോമസ് ജോർജ്ജ്, തിരുവനന്തപുരം മോഡൽ പബ്ലിക്ക് സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി. ടെൽസി ജോസഫ്, ഡോ. അരുൺ ശശി എന്നിവരുടെ സാന്നിധ്യത്തിൽ ആയിരുന്നു അവാർഡ് ദാനം.

# സംസ്ഥാനപി.വൈ.പി.എ 'ലവ് ജീസസ്' ക്യാമ്പയിന് പുനലൂരിൽ അനുഗ്രഹീത തുടക്കം.

പുനലൂർ : പാപത്തിന്റെ പ്രലോഭനങ്ങളിൽ വീണ് പെന്തക്കോസ്തു പ്രമാണത്തെ വലിച്ചെറിയാതിരിക്കാൻ സംസ്ഥാന പി.വൈ.പി.എയുടെ 'ലവ് ജീസസ്' ക്യാമ്പയിന് ഇന്ന് പുനലൂർ തൊളിക്കോട് ഐ.പി.സി സഭയിൽ ഉജ്ജല തുടക്കമായി. പുനലൂർ സെന്റർ പി.വൈ.പി.എ യുമായി ചേർന്നാണ് ക്യാമ്പയിന് തുടക്കം കുറിച്ചത്.

സംസ്ഥാനപി.വൈ.പി.എ പ്രസിഡന്റ് സുവി. അജു അലക്സ് അധ്യക്ഷത വഹിച്ച യോഗത്തിൽ ഐ.പി.സി സംസ്ഥാന വൈസ് - പ്രസിഡന്റ് പാസ്റ്റർ. സി. സി എബ്രഹാം ക്യാമ്പയിന്റെ ഉദ്ഘാടനം നിർവഹിച്ചു. സുവി. ഇസ്മായേൽ ക്ലാസ് നയിച്ചു.

പി.വൈ.പി.എ സംസ്ഥാന വൈസ്- പ്രസിഡന്റ് പാസ്റ്റർ സാബു ആര്യപ്പള്ളിൽ സ്വാഗതം അറിയിക്കുകയും പുനലൂർ സെന്റർ പി.വൈ.പി.എ പ്രസിഡന്റ് പാസ്റ്റർ സജിമോൻ ഫിലിപ്പ് പ്രോഗ്രാമിനെപറ്റിയുള്ള വിശദീകരണം നടത്തുകയും ചെയ്തു.

ദൈവസ്നേഹത്തെ കവിയുന്ന ഒന്നും ഉലകത്തിൽ ഇല്ലെന്നും നമ്മുടെ ദൈവിക ബന്ധത്തെ തകർക്കുന്ന യാതൊന്നിനും ജീവിതത്തിൽ സ്ഥാനം നൽകരുതെന്നും ക്ലാസ്സുകളിലൂടെ വന്നു കൂടിയ യുവജനങ്ങളെ ഉത്ബോധിപ്പിച്ചു.

പി.വൈ.പി.എ സംസ്ഥാന ജോയിന്റ് സെക്രട്ടറി ബ്രദർ സന്തോഷ് എം. പീറ്റർ, സംസ്ഥാനപബ്ലിസിറ്റി കൺവീനർ പാസ്റ്റർ തോമസ് ജോർജ്ജ് കട്ടപ്പന, പാസ്റ്റർ വിക്ടർ മലയിൽ (സംസ്ഥാനപി വൈ പി എ ഓഫീസ് സെക്രട്ടറി), പുനലൂർ സെന്റർ പി.വൈ.പി.എ എക്സിക്യൂട്ടീവ്സ് എന്നിവർ നേതൃത്വം നല്കി. സെന്റർ പി.വൈ.പി.എ വൈസ് പ്രസിഡന്റ് ഷിബിൻ നേതൃത്വം നൽകിയ ഗിലെയാദ് മ്യൂസിക് ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി. പുനലൂർ സെന്റർ പി.വൈ.പി.എ സെക്രട്ടറി പാസ്റ്റർ ഷിബു കുരുവിള നന്ദി പ്രകാശിപ്പിച്ചു

# സംസ്ഥാനപി വൈ പി എ ഒരുക്കുന്ന മെഗാ ബൈബിൾ ക്വിസ് പ്രോഗ്രാമിന്റെ ഒരുക്കങ്ങൾ ആരംഭിച്ചു

കുമ്പനാട് : സംസ്ഥാനപി വൈ പി എയുടെ ആഭിമുഖ്യത്തിൽ കേരള മെമ്പാടുമുള്ള യുവജനങ്ങൾക്ക് പങ്കെടുക്കുവാൻ അവസരം നൽകി കൊണ്ട് മെഗാ ബൈബിൾ ക്വിസ് നടത്തുവാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. രണ്ട് ഘട്ടങ്ങളായി നടത്തപ്പെടുന്ന ബൈബിൾ ക്വിസിന്റെ പുസ്തകങ്ങൾ സംസ്ഥാനപി വൈ പി എ സർക്കുലർ വഴി അറിയിക്കുന്നതാണ്. മൊത്തം ഒരു ലക്ഷം രൂപയാണ് സമ്മാനതുക.

സമ്മാനഘടന, ഒന്നാം സമ്മാനം 50,000 രൂപ, രണ്ടാം സമ്മാനം 25,000 രൂപ, മൂന്നാം സമ്മാനം 15,000, നാലാം സമ്മാനം 6,000, അഞ്ചാം സമ്മാനം 4,000

പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ അതാത് സെന്റർ പി.വൈ.പി.എ. ഭാരവാഹികളുമായി ബന്ധപ്പെടുക. ( അവർക്കുള്ള നിർദേശങ്ങൾ, നിയമാവലികൾ ഉടനെ അറിയിക്കുന്നതാണ് )

രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 (ഇതിൽ 50/ സെന്റർ പി വൈ പി എയ്ക്കും ബാക്കി 50/ സംസ്ഥാനപി വൈ പി എയ്ക്കും നൽകണം). പി.വൈ.പി.എ. പ്രായപരിധിയിൽപ്പെടുന്ന അംഗങ്ങൾക്ക് പങ്കെടുക്കാം.

ഡിസ്ട്രിക്റ്റ് തലത്തിൽ നടത്തപ്പെടുന്ന ആദ്യ റൗണ്ട് സെപ്റ്റംബർ 29 ഞായറാഴ്ച 03:00 മുതൽ 05:00 വരെ നടത്തി ആദ്യ മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്നവരുടെ പേര് വിവരങ്ങൾ സംസ്ഥാന തലത്തിൽ അറിയിക്കേണ്ട താണ്.

അതാത് ഡിസ്ട്രിക്റ്റിൽ ഏതെങ്കിലും ഒരു സ്ഥലത്ത് വെച്ച് ആദ്യ റൗണ്ട് മത്സരം നടത്തപ്പെടുന്നതാണ്.

പാസ്റ്റർമാരും ബൈബിൾ കോളേജ് പഠനം കഴിഞ്ഞവർ, പഠനം നടത്തുന്നവർക്ക് (സഹോദരന്മാർ & സഹോദരിമാർ )മത്സരത്തിൽ പങ്കെടുക്കുവാൻ അനുവാദമില്ല

വ്യത്യസ്ത നിലവാരത്തിൽ പല റൗണ്ടുകളിലായി നടത്തപ്പെടുന്ന നോക്ക്ഔട്ട് & ഗ്രാൻഡ് ഫിനാലെ 2019 ഒക്ടോബർ 12 ശനിയാഴ്ച രാവിലെ 09:00 മുതൽ വൈകിട്ട് 06:00 വരെ കുമ്പനാട് വെച്ച് നടത്തപ്പെടും.

സ്വദേശത്തും, വിദേശത്തും ബൈബിൾ ക്വിസ് മത്സരം നടത്തി അനുഭവ സമ്പത്തുള്ള ജഡ്ജിങ് പാനൽ പ്രോഗ്രാമിന് നേതൃത്വം നൽകും.

സംസ്ഥാന പി വൈ പി എ

# ഐ. പി. സി. അട്ടപ്പാടി സെന്റർ ഭാരവാഹികൾ

ഇന്ത്യാ പെന്തെക്കോസ്ത് ദൈവ സഭ അട്ടപ്പാടി സെന്റർ 2019 –2020 ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റായി പാസ്റ്റർ എം. ജെ. മത്തായി വൈസ് പ്രസിഡന്റായി പാസ്റ്റർ അഡ്വ. ജോൺസൺ പള്ളിക്കുന്നേൽ സെക്രട്ടറിയായി പാസ്റ്റർ സന്തോഷ് റ്റി. പി. ജോ. സെക്രട്ടറിയായി ബ്രദർ ജോയി റ്റി. ജെ. ട്രഷറായി ബ്രദർ ഫിന്നി ജോൺസൻ പബ്ലിസിറ്റി കൺവീനറായി പസ്റ്റർ പി. ജെ. റ്റോമി എന്നിവരെയും മറ്റ് കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തു. ഈ സെന്ററിന്റെ വർക്കേഴ്സ് മീറ്റിംഗ് ജൂലൈ 15,16 എന്നീ തിയതികളിൽ അട്ടപ്പാടിയിലുള്ള കൽക്കണ്ടി ഐ. പി. സി. ഹെബ്രോൻ സഭയിൽ വച്ച് നടക്കുന്നതായിരിക്കും പാസ്റ്റർ എം. ജെ. മത്തായി , പാസ്റ്റർ അഡ്വ. ജോൺസൺ പളളിക്കുന്നേൽ എന്നിവർ നേതൃത്വം വഹിക്കും.

# ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ്പ് ഇന്ത്യാ 38 –ാമത് ഭരണ സമിതി ചുമതലയേറ്റു.

പെരുമ്പാവൂർ : സമൂഹത്തിൽ അവഗണിയ്ക്കപ്പെട്ടു കിടക്കുന്ന ആളുകളെ ആത്മീയമായും ഭൗതീകമായും ഉദ്ധരിക്കുക എന്ന ലക്ഷ്യത്തോടെ 1982 ൽ ആരംഭിച്ച ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങൾ മുപ്പത്തി ഏഴ് വർഷം പിന്നിടുമ്പോൾ ആത്മീയമായും ഭൗതീകമായും ഒരുകൂട്ടം ആളുകളെ കൈപിടിച്ചുയർത്താൻ ദൈവം സഹായിച്ചു എന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ ഓർപ്പിച്ചു.

പ്രസിഡന്റ് പാസ്റ്റർ പി. വി. ഐസക്കിന്റെ അദ്ധ്യക്ഷതയിൽ ഫെലോഷിപ്പിന്റെ ഓഫീസിൽ വച്ച് നടന്ന പൊതുയോഗത്തിൽ ജനറൽ സെക്രട്ടറി പാസ്റ്റർ പി. ഡി ദാസ് പ്രവർത്തനറിപ്പോർട്ട് അവതരിപ്പിക്കുകയും 2019 – 2020 ലേക്കുള്ള ബഡ്ജറ്റ് ട്രഷറാർ സുവി. പി.ജെ ജോൺ അവതരിപ്പിക്കുകയും ചെയ്തു. കൂടാതെ 2019 –20 ലെ പുതിയ ഭരണ സമിതി അംഗങ്ങളെ തിരഞ്ഞെടുത്തു. രക്ഷാധികാരി പാസ്റ്റർ കെ. ജെ. മാത്യു, ഡയറക്ടർ പാസ്റ്റർ പി. ഒ. എലിയാസ്, പ്രസിഡന്റ് പാസ്റ്റർ സുരേഷ് കീഴൂർ, വൈസ് പ്രസിഡന്റ് പാസ്റ്റർ വി. വി. ഐസക്, ജനറൽ സെക്രട്ടറി പാസ്റ്റർ പി. ഡി ദാസ് ട്രഷറാർ ബ്രദർ ലൈജു ജോർജ്ജ് എന്നിവരെ തിരഞ്ഞെടുത്തു. പാസ്റ്റർ പി. ഒ. എലിയാസ് അദ്ധ്യക്ഷത വഹിച്ചു.

## അവരെ അവരുടെ വഴിക്ക് വിടുക!

പേജ് 4 ന്റെ തുടർച്ച...

യില്ലാത്ത ചിലരെ വശീകരിക്കാൻ ഇവർക്ക് കഴിയുമെങ്കിലും സത്യ മാർഗ്ഗത്തിന് ഒരു ദോഷവും വരുത്തുവാൻ ഇവർക്ക് കഴിയില്ല.

അതുകൊണ്ട് വിശുദ്ധ യൂദാ ലേഖനം എഴുതിയപ്പോൾ പറഞ്ഞതുപോലെ വിശുദ്ധന്മാർക്ക് ഒരിക്കലായി പരം ഏൽപ്പിച്ചിരിക്കുന്നത് അതി വിശുദ്ധ വിശ്വാസത്തിനായി നം പോരാടുക.

അന്ത്യകാലത്ത് ബുദ്ധിമാന്മാർ എന്ന് പറയുന്ന പലരും ദൈവകൃപയിൽ നിന്ന് വീഴും. എങ്കിലും തങ്ങളുടെ ദൈവത്തെ അറിയുന്നു ജനം ഉറച്ചുനിൽക്കും അവർ വീര്യം പ്രവർത്തിക്കുന്നു. (ദാനിയേൽ 11:32,35)

വെളിപ്പാടു 22:11 അനീതിചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാകട്ടെ; നീതിമാൻ ഇനിയും നീതിചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. സത്യത്തിൽ വചന വഴിവിട്ടു മാറുന്ന ഇത്തരക്കാരെ ഗുണദോഷിച്ചു ഉപദേശിച്ചു തിരികെ കൊണ്ടുവരുവാൻ കഴിയില്ലെന്നത് ദൈവ വചനം തന്നെ നമുക്ക് മുന്നറി യിപ്പ് തരുന്നുണ്ട് എബ്രായർ 6:4 ആയതിനാൽ അതിനു സമയം കളയാതെ നഷ്ടപ്പെട്ടിരിക്കുന്ന, വിശുദ്ധ തിരുവെഴുത്തുകളുടെ ശക്തി അറിയാതിരിക്കുന്ന, ചിലരെ തീയിൽ നിന്ന് വലിച്ചെടുക്കാൻ നോക്കുക കാരണം ഉറങ്ങുന്നവനെ ഉണർത്താം ഉറക്കം നടിക്കുന്നവനെ ഉണർത്താൻ കഴിയില്ല.

ഒരിക്കൽ ഏത് നാവു കൊണ്ട് ഏതൊരു വിശ്വാസത്തെ ഉയർത്തിയോ അതേ നാവു കൊണ്ട് അതിനെതിരായി പറയുന്നവർ വർദ്ധിച്ചു വരുമ്പോൾ ഓർക്കണം കർത്താവിന്റെ വരവ് സമീപിച്ചിരിക്കുന്നു.

# ഐ.പി.സി. വെമ്പായം സെന്റർ മാസയോഗം

ദൈവഹിതമായാൽ ഐ.പി.സി. വെമ്പായം സെന്ററിന്റെ ആഗസ്റ്റ് മാസത്തെ മാസയോഗം വെഞ്ഞാറമൂടിന് അടുത്തുള്ള കാട്ടുവിള രെഹബോത്ത് ഐ.പി.സി. സഭയിൽ വച്ച് 3.08.2019–ാം തീയതി നടക്കുന്നതാണ്. പാസ്റ്റർ ഷെബി കുടുംബമായി പാർത്ത് ഇവിടെ ശുശ്രൂഷിക്കുന്നു.

# ഐപിസി. കേരളാ സ്റ്റേറ്റ് ഉപവാസ പ്രാർത്ഥന യ്ക്ക് അനുഗ്രഹ സമാപ്തി

പേജ് 1 ന്റെ തുടർച്ച...

സിക്യൂട്ടീസ് നേതൃത്വം നൽകി. വിവിധ സെഷനുകളിലായി പാസ്റ്റർമാരായ കെ. സി. ജോൺ( ജനറൽ സെക്രട്ടറി) ജോൺ എസ്. മരത്തിനാൽ (ജനറൽ കൗൺസിൽ ചാരിറ്റി ബോർഡ് ചെയർമാൻ), വിൽസൺ ജോസഫ് (ജനറൽ വൈസ് .പ്രസിഡന്റ് ), കെ. സി. തോമസ്, ജോൺ റിച്ചാർഡ്, സാജു ജോസഫ്, സിനോജ് ജോർജ്ജ് കായംകുളം എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ റോയി പൂവക്കാല ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. കൗൺസിൽ അംഗങ്ങളും സെന്റർ പാസ്റ്റർ മാരും ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുത്തു.

# ഐ.പി.സി. വെമ്പായം സെന്റർ മാസയോഗം നടന്നു

ദൈവകൃപയാൽ ഐ.പി.സി. വെമ്പായം സെന്ററിന്റെ ജൂലൈ മാസ യോഗം മുരുക്കുംപുഴ സീനായ് പ്രെയർ സെന്റർ സഭയിൽ വച്ച് 20.07.2019–ാം തീയതി നടന്നു. പാസ്റ്റർ കെ. ആർ സ്റ്റീഫൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പാസ്റ്റർമാരായ കെ. പി. രാജൻ, ജോയി റ്റൈറ്റസ് എന്നിവർ ദൈവവചനം സംസാരിച്ചു. സുവി. ബിജോ അനുഭവ സാക്ഷ്യം പങ്കുവച്ചു.

# ഏഴക്കരക്കാട്, ഐ. പി. സി. ബഥേൽ ആലയ സമർപ്പണം

പിറവം: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭ പിറവം സെന്ററിന്റെ മാസ യോഗവുംഏഴക്കരക്കാട് ബഥേൽ ഐ. പി.സിയ്ക്ക് വേണ്ടി പുതുതായി പണികഴിപ്പിച്ച ഹാളിന്റെ സമർപ്പണവും ജൂൺ 22 ന് നടന്നു. പിറവം സെന്റർ ശുശ്രൂഷകൻ പാസ്റ്റർ ബാബു ചെറിയാൻ മുഖ്യ സന്ദേശം നൽകുകയും പാസ്റ്റർ തോമസ് ബേബി സമർപ്പണം ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. പാസ്റ്റർ കെ. എ. ജോൺ സമാപന സന്ദേശം നൽകി. പാസ്റ്റർ സോളമൻ ജോസഫ് ഇവിടെ ശുശ്രൂഷിക്കുന്നു

## ജയോത്സവം ന്യൂസ് അറിയിപ്പ്

**ജയോത്സവം ന്യൂസിന് വാർത്തകൾ, ലേഖനങ്ങൾ, കവിതകൾ, പരസ്യങ്ങൾ തുടങ്ങിയവ അയക്കുമ്പോൾ പേജ്മേക്കർ (പി.എം.ഡി) ഫയൽ അയച്ചു തരിക.**

ജയോത്സവം ന്യൂസിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങൾ, വാർത്തകൾ എന്നിവയിലെ ഉപദേശ വിഷയങ്ങൾ, വിവാദങ്ങൾ എന്നിവയുടെ പൂർണ്ണ ഉത്തരവാദിത്വം അത് എഴുതുന്ന വ്യക്തികൾക്ക് മാത്രമായിരിക്കും.

**JAYOLASAVAM NEWS**
Konnanilkunnathil
TC 20/2073
Ebenezer Gardens
Kudappankunnu P.O.
Thiruvananthapuram
Kerala, India

# JAYOLSAVAM NEWS

DATE OF PUBLISHING 20TH July 2019

REGISTERED NEWS PAPER
RNI No: KERBIL/2010/31734
Postal Licence No.-
KL/TV (S)/364/2019-21
KL/TV(S)/WPP/156/2019-21
RMS Thiruvananthapuram


Vol - 12 Issue 6 | Thiruvananthapuram | Monthly | July | 8 Page | Annual Sub Rs. 120/-

## ഐ. പി. സി. പാലക്കാട് നോർത്ത് സെന്റർ ഭാരവാഹികൾ



ഇന്ത്യാ പെന്തെക്കോസ്ത് ദൈവ സഭ പാലക്കാട് നോർത്ത് സെന്റർ 2019 -2020 വർഷത്തേക്കുള്ള ദൈവത്താൽ അനുഗ്രഹീതരായ ഭാരവാഹികളെ തിരെഞ്ഞെടുത്തു. പ്രസിഡന്റായി പാസ്റ്റർ എം. വി. മത്തായി വൈസ് പ്രസിഡന്റായി പാസ്റ്റർ ജെയിംസ് എബ്രഹാം സെക്രട്ടറിയായി പാസ്റ്റർ ബോവസ് സുഭാഷ്, ജോ. സെക്രട്ടറിയായി പാസ്റ്റർ വിജു ആന്റണി, ട്രഷറായി ഇവാ. സജി ചെറിയാൻ ജോ. ട്രഷറായി ബ്രദർ സി. സി. ബാബുകുട്ടി പബ്ലിസിറ്റി കൺവീനറായി പസ്റ്റർ കെ. റ്റി. ജോസഫ്, ഓഡിറ്റർ പാസ്റ്റർ കെ. സിജു, ഇവാഞ്ചലിസം കൺവീനർ പാസ്റ്റർ വി. കെ. സോമൻ, സെക്രട്ടറി സുവി. സാബു, പി. വൈ.പി. എ. പ്രസിഡന്റായി പാസ്റ്റർ ജോബി സാമുവൽ സെക്രട്ടറി പാസ്റ്റർ ജെ ജോൺസൺ, ട്രഷറാർ സുവി. ജോർജി ജോർജ്ജ്, സണ്ടേസ്കൂൾ സുപ്രണ്ട് ബ്രദർ ജോസ്, സെക്രട്ടറി പാസ്റ്റർ വി. എസ്. ബിജു, ട്രഷറാർ സുവി. സുബ്രമണ്യൻ കൂടാതെ കമ്മിറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തു. പ്രത്യേകം ക്ഷണിതാവായി ഐ. പി.സി കേരളാ സ്റ്റേറ്റ് കൗൺസിൽ അംഗം ബ്രദർ പി. വി. മാത്യു ഈ മിറ്റിംഗിൽ പങ്കെടുത്തു.

## ഗോസ്പൽ ഇൻ ആക്ഷൻ ഫെലോഷിപ്പ് ഇന്ത്യാ 38 –ാമത് ഭരണ സമിതി ചുമതലയേറ്റു.



പാസ്റ്റർ കെ. ജെ. മാത്യു
രക്ഷാധികാരി



പാസ്റ്റർ പി. ഓ. ഏലിയാസ്
ഡയറക്ടർ



പാസ്റ്റർ സുരേഷ് കീഴൂർ
പ്രസിഡന്റ്



പാസ്റ്റർ പി. വി. ഐസക്ക്
വൈസ് പ്രസിഡന്റ്



പാസ്റ്റർ പി. ഡി. ദാസ്
സെക്രട്ടറി



ബ്രദർ ലൈജു ജോർജ്ജ്
ട്രഷറാർ

Jesus Shall
Set You Free



ആരാധനയ്ക്കും കൂട്ടായ്മയ്ക്കും

**IPC ജയോത്സവം വർഷിപ്പ് സെന്റർ**
ബെനടിഡിക്ട് നഗർ, നാലാഞ്ചിറ



Pastor Daniel Konnanilkkunnathil& Family

ആരാധനസമയം
ഞായർ രാവിലെ 9.00 മുതൽ 12.30 വരെ
സണ്ടേസ്കൂൾ രാവിലെ 8.00 മുതൽ 9.30 വരെ

കൂടുതൽ വിവരങ്ങൾക്ക്:
പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ
ഫോൺ: 9526952121

*We may present every man perfect in Christ Jesus*

# JAYOLSAVAM THEOLOGICAL SEMINARY

**BENEDICT NAGAR,NALANCHIRA**
**THIRUVANANTHAPURAM**
**www.jayolsavam.org**



### OUR SPECIALITIES

- Recognized by IPC General Council
- Accreditation by IATA
- ATA M. Div. & B.Th.
- Qualified & Experienced Faculty
- Excellent practical training in ministry
- Well equipped library
- Hostel facilities for Men.

### Our Courses

| PROGRAMME | MEDIUM | DURATION | ADMISSION REQUIREMENTS |
|---|---|---|---|
| M.Div. | Engl. | 2/3 years | B. Th/ Degree |
| B. Th. | Engli. | 3 yrs | +2 Pass |
| Dip.Th. | Eng./Mal. | 2 Years | S.S.L.C. |

**M.Div. (ATA) Programme for B. Th. or Degree holders.**
**B.Th. (ATA) Programme for Plus Two Pass**

**Scholarship available for Residential Program**

**M. Div., B. Th.,Dip.Th. & C. Th.**
**Evening batches available**

**ക്ലാസ്സുകൾ മെയ് 20 ന് ആരംഭിച്ചു** **അഡ്മിഷൻ തുടരുന്നു**



Pr. K. C. Thomas
Patron



Pr. Daniel Konnanilkkunnathil
Director



Rev. Nebu Mathson
Principal



Mr. Felix William
Administrator

For further Information

**Director**
**Jayolsavam Theological Seminary**
**Post Box - 853, Kowdiar P.O.,**
**Trivandrum- 695003**
**Ph: 9526952121**
**Email:jayolsavamts@gmail.com**

Design: ajikattakkada@9895521191

Printed, Published, Edited & Owned by Daniel K. Jacob, Konnanilkunnathil, KP 3/414, Ebenezer Gardens, Kudappanakunnu P.O., Thiruvananthapuram - 695043, Kerala, India. Design & Layout: AjiKumar Kattakkada, Printed at Cochin Printech Pvt. Ltd., Udyogamandal P.O., Eloor, Cochin-683 501.